# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആര്യാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ /എ.എൽ.പി/പി 8/851/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 03/09/2025
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആര്യാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ആര്യാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആര്യാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ /എ.എൽ.പി/പി 8/851/2025 തീയ്യതി: 03/09/2025

## ആലപ്പുഴ ജില്ലയിലെ ആര്യാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ആര്യാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-05-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-06-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ലിജിലാൽ ബി | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 20-06-2025 | 28-06-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-06-2025 | 28-06-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി ആശ.എം.വി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ.റോയ്.ടി.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി പ്രീത, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ലക്ഷ്മീകാന്ത്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സന്തോഷ് ലാൽ എസ് | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി.ബീന എസ് | സെക്രട്ടറി | 01-04-2024 | 21-12-2024 |
| ശ്രീമതി.സീമ പി ഐ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 22-12-2024 | 03-01-2025 |
| ശ്രീ. ജി വി വിനോദ്കുമാർ | സെക്രട്ടറി | 04-01-2025 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. അനില എം എ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി. സോന സോണി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2024 | 09-08-2024 |
| ശ്രീമതി. റസൽ ബിന്ദ് കെ എം | ഐ സി ഡി എസ് സൂപ്പർവൈസർ | 10-08-2024 | 31-03-2025 |
| ഡോ. അരുൺ വിശ്വനാഥ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 02-08-2024 | 31-03-2025 |
| ഡോ. ശ്രീകുമാർ ജെ എസ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2024 | 31-03-2025 |
| ഡോ. രചന ആർ | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീമതി. ഏലിയാമ്മ കുര്യൻ | ഹെഡ്മിസ്ട്രസ്സ് | 01-04-2024 | 31-03-2025 |
| ശ്രീമതി. ആശമോൾ | ഫിഷറീസ് ഇൻസ്‌പെക്ടർ | 01-04-2024 | 22-10-2024 |
| ശ്രീ. സൈറസ് പി എസ് | ഫിഷറീസ് ഇൻസ്‌പെക്ടർ | 23-10-2024 | 31-03-2025 |
| ശ്രീ. സനൽകുമാർ ജി | വി ഇ ഒ (ചെമ്പന്തറ സർക്കിൾ) | 01-04-2024 | 31-03-2025 |
| ശ്രീമതി. മേരി ഫെർണാണ്ടസ് | വി ഇ ഒ (ഐക്യഭാരതം സർക്കിൾ) | 01-04-2024 | 31-03-2025 |
| ശ്രീമതി. രാജി ആർ നായർ | ഡയറി ഫാം ഇൻസ്‌പെക്ടർ | 01-04-2024 | 31-07-2024 |
| വേക്കൻറ് | ഡയറി ഫാം ഇൻസ്‌പെക്ടർ | 01-08-2024 | 04-08-2024 |
| ശ്രീമതി. സലില എം | ഡയറി ഫാം | 05-08-2024 | 31-03-2025 |

| | | | |
|---|---|---|---|
| | ഇൻസ്പെക്ടർ | | |
| ശ്രീമതി. പ്രിയമ്മ ഫിലിപ്പ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീമതി. സീമ പി ഐ | അസി.സെക്രട്ടറി | 01-04-2024 | 31-03-2025 |
| ഡോ.ഫ്രഷി തോമസ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2024 | 01-08-2024 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-3 |
| 5 | ലൈഫ് ലോൺ അക്കൗണ്ടിലെ നീക്കിയിരുപ്പ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | സി.എഫ്.സി ഗ്രാന്റ് - ഷെഡ്യൂൾ B-4, B-17 എന്നിവ പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കുന്നില്ല | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം (റസിപ്റ്റ്സ് & പേയ്മെന്റ് പത്രിക പ്രകാരം) | 1-3 |
| 10 | ഫണ്ട് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമ പദ്ധതികൾ | 1-7 |
| 14 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | ഓഡിറ്റ് ഇംപാക്ട്- ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് ₹ 5500/- തൊഴിൽനികുതി ഈടാക്കി | 1-10 |
| 17 | ഓഡിറ്റ് ഇംപാക്ട്- ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് അധികം നല്കിയ വേതനം - ₹ 6,795/- തിരികെ ഒടുക്കി | 1-11 |
| 18 | ഓഡിറ്റ് ഇംപാക്ട്-ആദായനികുതി ഈടാക്കി | 1-12 |
| 19 | വസ്തുനികുതി കുറഞ്ഞ നിരക്കിൽ ഈടാക്കി- വരുമാന നഷ്ടം | 1-13 |
| 20 | തറനിർമ്മിതിക്കനുസൃതമായി അടിസ്ഥാന വസ്തുനികുതിയിൽ വർദ്ധനവ് ഉൾപ്പെടുത്തുന്നില്ല- നികുതി നഷ്ടം | 1-14 |
| 21 | അനധികൃതമായി പ്രവർത്തിക്കുന്ന മൊബൈൽ ടവറുകൾക്ക് വസ്തുനികുതി ഈടാക്കിയില്ല-വരുമാന നഷ്ടം | 1-15 |
| 22 | സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-16 |
| 23 | സി.സിടി.വി ക്യാമറ സ്ഥാപിക്കൽ – പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-17 |
| 24 | ചെമ്പന്തറ സബ്സെന്റർ നിർമ്മാണം-സോയിൽ ടെസ്റ്റ്-നടത്തിയെങ്കിലും കെട്ടിടനിർമ്മാണം ഗ്രാമപഞ്ചായത്ത് മുഖേന നടപ്പാക്കിയില്ല | 1-18 |

| | | |
|---|---|---|
| 25 | കുഴിച്ചെടുത്ത മണ്ണ്,ഡിസ്മാന്റിൽ ചെയ്ത ടൈൽ - വിനിയോഗം/പുനരുപയോഗം എന്നിവയുടെ വിവരം ലഭ്യമാക്കിയില്ല | 1-19 |
| 26 | സൗത്ത് ആര്യാട് ആരോഗ്യ ഉപകേന്ദ്രം ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്ററായി ഉയർത്തുന്നതിനുള്ള കെട്ടിട നിർമ്മാണം-പ്രവൃത്തി മന്ദഗതിയിൽ | 1-20 |
| 27 | പൊതുശുചിമുറിയും ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രവും സ്ഥാപിക്കൽ -പ്രവൃത്തി അനന്തമായി നീണ്ടുപോകുന്നു | 1-21 |
| 28 | ലൈഫ് ഭവന നിർമ്മാണം -പൂർത്തീകരിച്ചില്ല | 1-22 |
| 29 | ബില്ലിൽ നിന്നും ടി.ഡി.എസ് ആയി കുറവുചെയ്യേണ്ട ജി.എസ്.ടി തുക കുറവു ചെയ്യാതെ കരാറുകാർക്ക് അധിക തുക നല്കി | 1-23 |
| 30 | ജലാശയങ്ങളുടെ ശുചീകരണം- കൂടിയ നിരക്കിൽ ജി.എസ്.ടി അനുവദിച്ചതുമൂലം കരാറുകാരന് അധിക തുക നല്കാനിടയായി | 1-24 |
| 31 | ജൽ ജീവൻ മിഷൻ പദ്ധതി- അവലോകനം | 1-25 |
| 32 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് - പഞ്ചായത്ത് യാത്രാസൗകര്യം ഏർപ്പെടുത്തിയിട്ടും യാത്രാബത്ത നൽകി | 1-26 |
| 33 | പട്ടിക വർഗ്ഗ കുടുംബങ്ങളിലെ വനിതകൾക്ക് സ്വയംതൊഴിൽ -പ്രോജക്ട് നടത്തിപ്പിൽ സുതാര്യതയില്ല | 1-27 |
| 34 | മെൻസ്ട്രുവൽ കപ്പ് വിതരണം- വിതരണ രേഖകൾ ഹാജരാക്കിയില്ല | 1-28 |
| 35 | വാട്ടർ അതോറിറ്റി മുഖേന ആർ.ഒ പ്ലാന്റ് നിർമ്മാണം, അറ്റകുറ്റപ്പണി - പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല | 1-29 |
| 36 | കെ.എസ്.ഇ.ബി മുഖേനയുള്ള നിക്ഷേപ പ്രവൃത്തികൾ – വിനിയോഗ വിവരം ലഭ്യമാക്കിയില്ല | 1-30 |
| 37 | ആരോഗ്യ ഉപകേന്ദ്രം കെട്ടിട നിർമ്മാണത്തിനായി അനുവദിച്ച തുക സമയബന്ധിതമായി ചെലവഴിച്ചില്ല | 1-31 |
| 38 | ഏസ് എസ് എ വിഹിതം നൽകൽ -വിനിയോഗ രേഖകൾ ലഭ്യമാക്കിയില്ല | 1-32 |
| 39 | ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും | 1-33 |
| **ഭാഗം 2** | | |
| 1 | വസ്തുനികുതി കുറഞ്ഞ നിരക്കിൽ ഈടാക്കി- വരുമാന നഷ്ടം | 2-1 |
| 2 | തറനിർമ്മിതിക്കനുസൃതമായി അടിസ്ഥാന വസ്തുനികുതിയിൽ വർദ്ധനവ് ഉൾപ്പെടുത്തുന്നില്ല- നികുതി നഷ്ടം | 2-2 |
| 3 | അനധികൃതമായി പ്രവർത്തിക്കുന്ന മൊബൈൽ ടവറുകൾക്ക് വസ്തുനികുതി ഈടാക്കിയില്ല-വരുമാന നഷ്ടം | 2-3 |
| **ഭാഗം 3** | | |
| 1 | പട്ടിക വർഗ്ഗ കുടുംബങ്ങളിലെ വനിതകൾക്ക് സ്വയംതൊഴിൽ -ക്രമവിരുദ്ധമായ ചെലവ് നിരാകരിക്കുന്നു | 3-1 |
| 2 | ജലാശയങ്ങളുടെ ശുചീകരണം- കൂടിയ നിരക്കിൽ ജി.എസ്.ടി | 3-2 |

| | | |
|---|---|---|
| | അനുവദിച്ചതുമൂലം കരാറുകാരന് അധിക തുക നല്കാനിടയായി | |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം –1

## പൊതു അവലോകനം

### 1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 12.05.2025 ലെ 6-ാം നമ്പർ കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 29.05.2025 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ആര്യാട് ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2025 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി ആര്യാട് ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

### 1–1–1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 62-2 (ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ തുടങ്ങി അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

### 1–1–2 വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള

**സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല**

വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

**1-1-3 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല**

വസ്തു നികുതി, വാടക, ലൈസൻസ്, കച്ചവടക്കാരുടെ തൊഴിൽ നികുതി തുടങ്ങി അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രി വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും രേഖപ്പെടുത്തിയിട്ടില്ല.

**1-1-4 ലൈഫ് ലോൺ അക്കൗണ്ടിലെ നീക്കിയിരുപ്പ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല**

ലൈഫ് ലോൺ അക്കൗണ്ടിലെ (അക്കൗണ്ട് നം. 040885072093) യഥാർത്ഥ വർഷാന്ത്യ നീക്കിയിരുപ്പ് 382610 രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ നീക്കിയിരുപ്പായി ചേർത്തിരിക്കുന്നത് 118048 രൂപയാണ്.

**1-1-5 സി.എഫ്.സി ഗ്രാന്റ് - ഷെഡ്യൂൾ B-4, B-17 എന്നിവ പൊരുത്തപ്പെടുന്നില്ല**

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം സി.എഫ്.സി ഗ്രാന്റിനത്തിലെ ആകെ വർഷാന്ത്യ ബാധ്യത നീക്കിയിരുപ്പ് 9931819/- രൂപയാണ്. എന്നാൽ ഷെഡ്യൂൾ B-17, RP–40(b) എന്നിവ പ്രകാരമുള്ള നീക്കിയിരുപ്പ് 9983178/- രൂപയാണ്.

**1-1-6 ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കുന്നില്ല**

ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വൈദ്യുതി ബോർഡിന് 1370527/- രൂപയും വാട്ടർ അതോറിറ്റിയ്ക്ക് 747000/- രൂപയും മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്ററിൽ മേൽ സ്ഥാപനങ്ങൾക്ക് നൽകിയ തുകയുടെ വിവരവും മുൻവർഷങ്ങളിൽ നൽകിയ അഡ്വാൻസ് ക്രമീകരിച്ചതിന്റെ വിവരവും സംബന്ധിച്ച യാതൊരുവിധ രേഖപ്പെടുത്തലുകളും വരുത്തിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കിൽ വർഷാന്ത്യ ബാധ്യതയായി കാണിച്ചിട്ടുള്ള തുകയുടെ ആധികാരികത പരിശോധിക്കുവാൻ നിർവ്വാഹമില്ല.

**1-2 ബജറ്റ്**

2024-25 വർഷത്തെ ബജറ്റ് ജനറൽ കമ്മറ്റിയുടെ 09.02.2024 ലെ 1(1)-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു. 20.2.2025 ലെ 6(1) നമ്പർ തീരുമാനപ്രകാരം ബജറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. റിവൈസ്ഡ് ബജറ്റിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 44,39,92,657 | 44,18,92,657 |
| വാർഷിക കണക്ക് പ്രകാരം | 24,95,13,489 | 22,42,96,515 |

**1-3 സാമ്പത്തിക വിശകലനം (റസിപ്റ്റ്സ് & പേയ്മെന്റ് പത്രിക പ്രകാരം)**

| | |
|---|---|
| മുന്നിരിപ്പ് | 3,72,59,507 |
| വരവ് | 8,59,32,397 |
| ആകെ | 12,31,91,904 |
| ചെലവ് | 6,65,69,928 |
| നീക്കിയിരിപ്പ് | 5,66,21,976 |

**1-4 ഫണ്ട് വിനിയോഗം**

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് തുക/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 22272000 | 22272000 | 22272000 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 3449000 | 3449000 | 3449000 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 106000 | 106000 | 106000 | 0 |
| സി.എഫ്.സി ഗ്രാന്റ് ബേസിക് | 2768160 | 3967101 | 6735261 | 3021745 | 3713516 |
| സി.എഫ്.സി ഗ്രാന്റ് ടൈഡ് | -60441 | 8898500 | 8838059 | 2619756 | 6218303 |
| മെയിന്റനൻസ് ഫണ്ട് -റോഡ് | 0 | 11819000 | 11819000 | 10749560 | 1069440 |
| മെയിന്റനൻസ് ഫണ്ട് -നോൺ റോഡ് | 0 | 6033000 | 6033000 | 5816795 | 216205 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പൂർത്തീകരിച്ചത് എണ്ണം | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 238 | 225270437 | 184 | 77690548 | 162 | 22 | 54 | 68.06% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5520.05 | 993423 | 998943.05 | 920000 | 78943.05 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | ഇല്ല | 74840077 | 74840077 | 74840077 | ഇല്ല |
| ആകെ | 5520.05 | 75833500 | 75839020 | 75760077 | 78943.05 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 7046000 | 458 |
| വിവധാ പെൻഷൻ | 14270800 | 954 |
| വാർദ്ധ്യകാല പെൻഷൻ | 37235300 | 2822 |
| വികലാംഗ പെൻഷൻ | 5155000 | 340 |
| വിവാഹ ധനസഹായം | 90000 | 3 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1432600 | 97 |

### 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.06.2025 തീയതിയിൽ 03.15PM സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തി. പരിശോധനയിൽ 130/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

### 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.07.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ ചേർക്കുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2.പെർമിറ്റ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തുന്നില്ല.

3.ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല.

4.മുൻകൂർ രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

5.ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
6.ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്.

### 1-10 ഓഡിറ്റ് ഇംപാക്റ്റ്- ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് ₹ 5500/- തൊഴിൽനികുതി ഈടാക്കി

ഗ്രാമപഞ്ചായത്തുകളിലെ തൊഴിൽനികുതി സ്ലാബുകൾ സ.ഉ(സാധാ)നം.1149/2024/എൽ.എസ്.ജി.ഡി, തീയതി 27.06.2024 പ്രകാരം 01.10.2024 പ്രാബല്യത്തിൽ പരിഷ്കരിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ 2024-25 രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ "ഉദയ് ബാക്ക് വാട്ടർ റിസോർട്ട്" എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി പരിഷ്കരിച്ച സ്ലാബുകൾ പ്രകാരം തൊഴിൽ നികുതി ഒടുക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം:03/24.06.2025) നൽകിയതിനെ തുടർന്ന് തൊഴിൽ നികുതിയിനത്തിൽ കുറവായി ഒടുക്കിയ തുകയായ ₹ 5500/-, 26.06.2025 ലെ R-G040401-25001072 നമ്പർ രസീത് പ്രകാരം സ്ഥാപനം പഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടുണ്ട്.

### 1-11 ഓഡിറ്റ് ഇംപാക്റ്റ്- ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് അധികം നല്കിയ വേതനം - ₹ 6,795/- തിരികെ ഒടുക്കി

ദിവസ വേതന/കരാർ ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ച് 11/02/2021 ൽ പുറപ്പെടുവിച്ച സ.ഉ(പി) നം.29/2021/ധന ഉത്തരവ് പ്രകാരം, ക്ലാർക്ക്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ (കാറ്റഗറി-III) എന്നീ തസ്തികയിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് പരമാവധി അനുവദിക്കാവുന്ന മാസ വേതനം 20,385/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ 2024-25 വർഷത്തെ വൌച്ചറുകൾ പരിശോധിച്ചതിൽ, 2024-25 വർഷത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ പഞ്ചായത്തിൽ നിയമിക്കപ്പെട്ട താഴെ സൂചിപ്പിക്കുന്ന ജീവനക്കാർക്ക് സർക്കാർ നിശ്ചയിച്ചതിലും അധികവേതനം വിതരണം ചെയ്തത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തെ (നം.07/26.06.25) തുടർന്ന്, ടി ജീവനക്കാർ അധികം കൈപ്പറ്റിയ തുക പഞ്ചായത്തിൽ തിരികെ ഒടുക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരുടെ പേര് / തസ്തിക | വൌച്ചർ നം./ തീയതി | അനുവദിച്ച മാസ വേതനം | പരമാവധി നൽകാവുന്ന മാസ വേതനം | അധികം അനുവദിച്ച തുക | തിരികെ ഒടുക്കിയ തുക | രസീത്.നം./ തീയതി |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | അനിതാമോൾ.കെ.എ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 09/ 01.04.2024 | 23,405/- | 20,385/- | 3,020/- | 3,020/- | R-G040401-25001083/ 27.06.25 |
| 2 | അനിതാമോൾ.കെ.എ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 836/ 01-11-24 | 21,895/- | 20,385/- | 1,510/- | 1,510/- | R-G040401-25001083/ 27.06.25 |
| 3 | നിജിമോൾ എം.ഡി, ക്ലർക്ക് | 06/ 01.04.2024 | 22,650/- | 20,385/- | 2,265/- | 2,265/- | R-G040401-25001084/ 27.06.25 |
| | ആകെ | | | | ₹ 6,795/- | ₹6,795/- | |

**1–12 ഓഡിറ്റ് ഇംപാക്ട്-ആദായനികുതി ഈടാക്കി**

തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്ത പ്രവൃത്തികളിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് പ്രവൃത്തി സ്ഥലങ്ങളിൽ സ്ഥാപിച്ച നൽകിയിരിക്കുന്നത് റെനിൻ ബേബി എന്ന കരാറുകാരനാണ്. തൻ വർഷം വിവിധ ബില്ലുകൾ പ്രകാരം ടിയാൾക്ക് 70200 രൂപ അനുവദിച്ചിട്ടുണ്ട്. 1961 ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30,000/- രൂപയ്ക്കു മേലുള്ള കരാർ പ്രവൃത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1%, സ്ഥാപനങ്ങളാണെങ്കിൽ 2% നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്. ഇതനുസരിച്ച് ക്വട്ടേഷൻ ക്ഷണിച്ച് കരാറിലേർപ്പെട്ടിട്ടുള്ള ടി വ്യക്തിയിൽ നിന്നും ആദായനികുതി 702 രൂപ ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (26/27.6.25) മറുപടിയായി തുക അടച്ച് രസീത് ഹാജരാക്കി. (R-G040401-25001100/28.6.25). ടി തുക ആദായനികുതി വകുപ്പിലേയ്ക്ക് അടച്ച് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**1–13 വസ്തുനികുതി കുറഞ്ഞ നിരക്കിൽ ഈടാക്കി– വരുമാന നഷ്ടം**

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) ൽ ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്നതനുസരിച്ച് വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. അതായത് വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ച് നികുതി നിർണ്ണയിക്കുന്നതിനു പകരം അവയെ ഒന്നായി കണ്ട് നികുതി കണക്കാക്കേണ്ടതാണ്. കെട്ടിടത്തെ ഒന്നായി കണ്ട് ആനുപാതികമായ ഉയർന്ന നിരക്കിൽ നികുതി നിശ്ചയിക്കുന്നതിനു പകരം കെട്ടിടത്തെ ഒന്നിലധികം മുറികളായി കണക്കാക്കി കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിക്കുകയാണ് ചെയ്തത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിലെ 16-ാം വാർഡിൽ, മിനി ബിജു, ഐശ്വര്യം, പാതിരപ്പള്ളി പി ഒ, എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 215.24 ച.മീ. വിസ്തീർണ്ണമുള്ള (കെട്ടിട നം: 16/42-ഡി മുതൽ 16/42-ജി വരെ) കെട്ടിടത്തെ വാണിജ്യാവശ്യത്തിനുള്ള- 100 ച:മീറ്ററിനു മുകളിൽ 500 ച:മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഈടാക്കേണ്ട ച:മീറ്ററിന് ₹84/- നിരക്കിൽ വസ്തുനികുതി കണക്കാക്കുന്നതിന് പകരം ടി കെട്ടിടത്തെ 16/42-ഡി മുതൽ 16/42-ജി വരെയുള്ള 4 വ്യത്യസ്ത കെട്ടിട ഭാഗങ്ങളായി (കടമുറികളായി) കണകാക്കി 100 ച.മീ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടത്തിന്റെ ച:മീറ്ററിന് ₹60/- എന്ന കുറഞ്ഞ നിരക്കിൽ വസ്തുനികുതി കണക്കാക്കി. വിശദ വിവരം ചുവടെ ചേർക്കുന്നു.

| **നിർണ്ണയിക്കേണ്ട വസ്തുനികുതി** | **സഞ്ചയ പ്രകാരം നിർണ്ണയിച്ച വസ്തുനികുതി** |
|---|---|
| അടിസ്ഥാന നികുതി + വഴി സൌകര്യം (20%) | അടിസ്ഥാന നികുതി + വഴി സൌകര്യം (20%) |

| | | |
|---|---|---|
| **(നികുതി നിരക്ക്: ₹84/ച.മീ.)** (2024 ൽ അഞ്ച് ശതമാനം വർദ്ധനവ് ഉൾപ്പെടുത്തിയ നിരക്ക്) | | **(നികുതി നിരക്ക്: ₹60/ച.മീ.)** |
| താഴത്തെ നില (16/42-D, 16/42-G) | അടിസ്ഥാന നികുതി 156.69x84= 13162 വഴിസൌകര്യം (വർദ്ധനവ്-20%) = 2632/- ആകെ = 13162+2632 = 15,794/- | 1) 16/42-D =7018<br>2) 16/42-G = 4265<br>ആകെ = 11,283/- |
| ഒന്നാം നില (16/42-E, 16/42-F) | അടിസ്ഥാന നികുതി 58.55 X 84 = 4918/- ബഹുനില വാണിജ്യാവശ്യ ഇളവ്(5%) = 246 വഴി സൌകര്യം (വർദ്ധനവ് 20%)-984 മേൽക്കൂര-10% ഇളവ് - 492 ആകെ - 4918-246+984 - 492 = 5,164/- | അടിസ്ഥാന നികുതി+വഴി സൌകര്യം 20% -മേൽക്കൂര 10 %<br><br>3) 16/42-E- = 2153<br>4) 16/42-F- = 1520<br>ആകെ = 3,673/- |
| ആകെ | 15794+ 5164 = 20,958/- | 11,283+3673=14,956/- |
| **നികുതിനിർണ്ണയത്തിൽ ഉണ്ടായ കുറവ്** | | **20,958-14,956 = ₹ 6,002/-** |

മേൽ സൂചിപ്പിച്ച 4 കെട്ടിടങ്ങളേയും ഒറ്റ കെട്ടിടമായി പരിഗണിക്കാതെ വ്യത്യസ്ത കെട്ടിടങ്ങളായി പരിഗണിച്ച് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതിനാൽ വസ്തുനികുതിയിനത്തിൽ പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ ₹ 6,002/-യുടെ നഷ്ടം ഉണ്ടായി. മേൽ സൂചിപ്പിച്ച കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് 2024-25 ലെ കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.04/തീയതി 23/06/2025) മറുപടി ലഭ്യമാക്കി. കെട്ടിട ഉടമയിൽ നിന്നും അധികമായി ഈടാക്കേണ്ട ₹6,002/- പഞ്ചായത്തിൽ അടവാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**1-14 തറനിർമ്മിതിക്കനുസൃതമായി അടിസ്ഥാന വസ്തുനികുതിയിൽ വർദ്ധനവ് ഉൾപ്പെടുത്തുന്നില്ല- നികുതി നഷ്ടം**

2011 ലെ കേരള പഞ്ചായത്ത് രാജ് നിയമം (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 6 അനുസരിച്ച് വിലയേറിയ സാധന സാമഗ്രികൾ കൊണ്ട് നിർമ്മിച്ച തറനിർമ്മിതിയുള്ളതും 250 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ളതുമായ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 15 ശതമാനം വർദ്ധനവ് വരുത്തേണ്ടതായിട്ടുണ്ട്. എന്നാൽ സാധാരണ തറയെന്ന നിലക്കാണ് കെട്ടിടങ്ങളെ സഞ്ചയയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മൊസൈക്ക്, തറയോട്, സിമന്റ്, മൺതറ എന്നിങ്ങനെയാണ് സാധാരണ തറയെ വിശദമാക്കിയിട്ടുള്ളത്. വലിയ കെട്ടിടങ്ങളുടെ തറനിർമ്മിതി മേൽത്തരം വസ്തുക്കളാലാണെന്നിരിക്കെ സാധാരണതറ എന്ന നിലക്ക് രേഖപ്പെടുത്തുക വഴി ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട വസ്തുനികുതിയിൽ കുറവ് വന്നിട്ടുണ്ട്. തറനിർമ്മിതിക്കനുസൃതമായി നികുതി വർദ്ധനവ് ചുമത്തപ്പെടാത്ത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നികുതി നിർണ്ണയിച്ചത് | ഉടമയുടെ പേര് | വിസ്തൃതി ച.മീ | വസ്തുനികുതി നിരക്ക് | ചുമത്തിയ അടിസ്ഥാന | ഉയർന്നതരം തറനിർമ്മിതിക്ക് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | വസ്തുനികുതി | ഈടാക്കേണ്ട വർദ്ധനവ് (15%) |
| 1 | 2/460 A | രാജേഷ് എൻ.എ, നികർത്തിൽ | 366.25 | 9.45/m$^2$ | 1,731 /- (2024- 2$^{nd}$ Half) | 260 |
| 2 | 6/4 B | മുരളി,ശ്രീ ശങ്കരം | 281.72 | 8.4/m$^2$ | 2,366/- | 355 |
| 3 | 7/ 125 B | പ്രൊവിൻഷ്യാൽ സുപ്പീരിയർ ദീപ | 354.24 | 9.45/m$^2$ | 3,348 | 502 |
| 4 | 13/139 C | ബിജുമോൻ, കട്ടത്തിപറമ്പിൽ | 265.86 | 8.4/m$^2$ | 2,234 | 335 |
| 5 | 14/198 A | ജോസ് ജോർജ്ജ്, കാരാച്ചിറ | 252.56 | 8.4/m$^2$ | 2,121 | 318 |
| 6 | 15/494 B | സാജൻ സദാനന്ദൻ കരിഷ്മ റെജൂല | 479.74 | 9.45/m$^2$ | 4,534 | 680 |
| 7 | 15/484-C, 15/484-D, 15/484-E (വാണിജ്യാവശ്യം) | ജോഷിരാജ്.ആർ.ആർ | ആകെ (507.25) | 105/m$^2$ | 26,631/- (2024- 2$^{nd}$ Half) | 3,995 |
| | | | | | ആകെ | ₹ 6,445 |

(സഞ്ചയ പ്രകാരം ക്രമ നം-1, ക്രമ നം-7 എന്നിവ 2024-25 വർഷം രണ്ടാം അർദ്ധവർഷം വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളാണ്)

ഉയർന്നതരം സാധന സാമഗ്രികൾ കൊണ്ട് തറനിർമ്മിതിയുള്ള 250 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ളതുമായ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 15 ശതമാനം വർദ്ധനവ് നൽകാത്തത് മൂലം വസ്തു നികുതിയിനത്തിൽ 2024-25വർഷം ₹6,445/- യുടെ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള കെട്ടിടങ്ങളിൽ ഫീൽഡ് തല അന്വേഷണം നടത്തി ഉയർന്നതരം തറ നിർമ്മിതിയാണെന്ന് ബോധ്യപ്പെട്ടതായും, കെട്ടിട ഉടമകൾക്ക് ഡിമാൻഡ് നോട്ടീസ് നൽകിയിട്ടുള്ളതായും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/24.06.25) മറുപടി ലഭ്യമാക്കി. കെട്ടിട ഉടമകളിൽ നിന്നും ഉയർന്ന തരം തറ നിർമ്മിതികൾക്ക് അധികമായി ഈടാക്കേണ്ട തുക ഈടാക്കി ഫോം-6 സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**1-15 അനധികൃതമായി പ്രവർത്തിക്കുന്ന മൊബൈൽ ടവറുകൾക്ക് വസ്തുനികുതി ഈടാക്കിയില്ല-വരുമാന നഷ്ടം**

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം നിർമ്മാണത്തിന് അപേക്ഷ സമർപ്പിക്കുകയും എന്നാൽ നിർമ്മാണം പൂർത്തീകരിച്ച് പൂർത്തീകരണ അറിയിപ്പ് സമർപ്പിക്കാത്തതും, ഒക്യുപ്പൻസി ലഭിച്ച് അസസ്സ് ചെയ്യപ്പെടാത്തതുമായ നിർമ്മിതികൾ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുന്ന പക്ഷം കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235AA(1) പ്രകാരം,നിയമാനുസൃതമായി നിർമ്മിതി അസസ്സ് ചെയ്യുന്നതുവരെ, നിയമാനുസൃതമായ നിർമ്മിതികൾക്ക് അസസ്സ് ചെയ്യുമ്പോൾ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക, വസ്തുനികുതിയായി ഈടാക്കുന്നതിന് പഞ്ചായത്തിന് അധികാരമുണ്ട്.

1) മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതിനായി ചുവടെ ചേർക്കുന്ന ടവർ നിർമ്മാതാക്കൾ ഗ്രാമപഞ്ചായത്തിനെ സമീപിക്കുകയും ഇന്റിമേഷൻ നൽകി ₹10,000/- വീതം അപേക്ഷാ ഫീസ് ഒടുക്കി ടവർ നിർമ്മാണത്തിന് അനുമതി നേടിയിട്ടുണ്ട്. ഇന്റിമേഷനുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | തീയതി | രസീത് നം. | ടവർ നിർമ്മാതാകൾ |
|---|---|---|---|
| 1 | 15.06.2022 | 1220101299 | Indus Tower |
| 2 | 14.11.2023 | 120800089 | Indus Tower |
| 3 | 29.08.24 | 1240101498 | Ascend Telecome |

മേൽ പട്ടികയിൽ സൂചിപ്പിച്ച മൊബൈൽ ടവറുകളിൽ ക്രമ നം.1 ലെയും, ക്രമ നം.2 ലെയും Indus Tower എന്ന ടവർ നിർമ്മാതാക്കൾ പൂർത്തീകരണ അറിയിപ്പ് പഞ്ചായത്തിൽ സമർപ്പിക്കാതെയും ഒക്യുപ്പൻസി ലഭ്യമാക്കാതെ അസസ്സ് ചെയ്യപ്പെടാതെയും 2024-25 ആദ്യ അർദ്ധവർഷം മുതലും, ക്രമ നം.3 ലെ Ascend Telecom എന്ന ടവർ നിർമ്മാതാക്കൾ 2024-25 രണ്ടാം അർദ്ധവർഷം മുതലും ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതായി ഓഡിറ്റ് ടീമിന്റെ ആവശ്യപ്രകാരം (നം.08/26.06.25) ഗ്രാമപഞ്ചായത്ത് ഫീൽഡ് തല പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ടി മൊബൈൽ ടവറുകളുടെ വസ്തുനികുതി ഗ്രാമപഞ്ചായത്ത് നിർണ്ണയിച്ചീടാക്കുന്നില്ല. ഓഡിറ്റ് വിഭാഗം ചൂണ്ടി കാണിക്കുമ്പോൾ മാത്രമാണ് ഗ്രാമപഞ്ചായത്ത് വിവരങ്ങൾ അന്വേഷിക്കുന്നത്. പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗം സ്ഥല പരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ട് പ്രകാരം (ഓഡിറ്റ് അന്വേഷണം നം.08/26.06.25) സെക്രട്ടറി ലഭ്യമാക്കിയ ഫീൽഡ് തല പരിശോധനാ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ടവർ നിർമ്മാതാക്കളുടെ പേര് | തറ വിസ്തീർണ്ണം (ജനറേറ്റർ റൂം ഉൾപ്പടെ) | വാർഡ് നം./മേഖല/ വഴിസൌകര്യം |
|---|---|---|---|
| 1 | Indus Tower Limited | 10.24m$^2$ | വാർഡ്-9/ദ്വിതീയം/5 മീറ്റർ |
| 2 | Indus Tower Limited | 13.72m$^2$ | വാർഡ്-14/ദ്വിതീയം/ 5 മീറ്ററിൽ കുറവ് |
| 3 | Ascend Telecom | 17.3m$^2$ | വാർഡ്-12/ദ്വിതീയം/ 5 മീറ്ററിൽ കുറവ് |

മേൽ പട്ടികയിലെ ക്രമ നം.1, ക്രമ നം.2, എന്നീ ടവറുകളുടെ വിഷയത്തിൽ യഥാസമയം ഫീൽഡ് പരിശോധന നടത്തി നടപടി സ്വീകരിക്കാത്തത് മൂലം 2024-25 വർഷം, പഞ്ചായത്തിന് വസ്തു നികുതിയിനത്തിൽ ₹43,860/-യുടെ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>നിയമാനുസൃത അസസ്സ്മെന്റിന് ബാധകമായ വസ്തുനികുതിയുടെ വിവരം</u>

ക്രമ നം.1, മൊബൈൽ ടവറിന്റെ തറവിസ്തീർണ്ണം - 10.24 ച.മീറ്റർ

ക്രമ നം.2, മൊബൈൽ ടവറിന്റെ തറവിസ്തീർണ്ണം - 13.72 ച.മീറ്റർ

(പഞ്ചായത്ത് ഭരണ സമിതിയുടെ 06/07/2023 തീയതിയിലെ 3(1)-ാം നമ്പർ തീരുമാന പ്രകാരം മൊബൈൽ ടവറുകൾക്ക് ബാധകമായ വസ്തുനികുതി നിരക്ക് - 600 രൂപ/ച.മീ, 2024 ൽ അഞ്ച് ശതമാനം വർദ്ധനവ് ഉൾപ്പെടുത്തിയ നിരക്ക്- ₹630/ച.മീ)

| | നികുതി നിർണ്ണയിക്കേണ്ടത് | |
|---|---|---|
| | ക്രമ നം.1 Indus Tower | ക്രമ നം.2 Indus Tower |
| അടിസ്ഥാന വസ്തുനികുതി | 10.24m$^2$ @630 = 6,451/- | 13.27m$^2$ @630 = 8,360/- |
| മേഖല – ദ്വിതീയം 10% ഇളവ് | (-) 645 | (-) 836 |
| വഴി സൌകര്യം - / ഇളവ് ഇല്ല | (+) 1290 (വർദ്ധനവ്-20%) | വർദ്ധനവ് / ഇളവ് ഇല്ല |
| അടിസ്ഥാന നികുതി | 7096/- | 7524/- |

ടവറുകൾ പഞ്ചായത്തിൽ പൂർത്തീകരണ അറിയിപ്പ് നൽകാതെ അനധികൃതമായി പ്രവർത്തനം തുടങ്ങിയതിനാൽ ബാധകമായ വസ്തുനികുതി (സെക്ഷൻ 235AA ) =

ക്രമ നം.1, ഇൻഡസ് ടവർ - 7096 ×3= 21,288/- രൂപ

ക്രമ നം.2, ഇൻഡസ് ടവർ - 7524 ×3= 22,572/- രൂപ

പഞ്ചായത്തിന് ഉണ്ടായ ആകെ നഷ്ടം

= 21,288 + 22,572 = 43,860/-

ടവറുകൾ നിർമ്മാണത്തിന് ഇന്റിമേഷൻ നൽകിയതിന് ശേഷം, യഥാസമയം ഫീൽഡ് പരിശോധന നടത്തി ടവറുകളുടെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിൽ, പഞ്ചായത്തിന് വീഴ്ച്ച സംഭവിച്ചു. ഇത് മൂലം 2024-25 വർഷം പഞ്ചായത്തിന് ₹43,860/- യുടെ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. ടവർ നിർമ്മാതാക്കളിൽ നിന്നും കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235AA(1) പ്രകാരം വസ്തുനികുതി ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് ടവറുകളുടെ വസ്തുനികുതി ഈടാക്കാത്തതിൽ വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:24/27-06-25)

മറുപടി ലഭ്യമാക്കി. പൂർത്തീകരണ അറിയിപ്പ് പഞ്ചായത്തിൽ ഹാജരാക്കാതെ പ്രവർത്തനം തുടങ്ങിയ ടവർ നിർമ്മാതാക്കളിൽ നിന്നും സെക്ഷൻ 235AA(1) പ്രകാരം വസ്തുനികുതി ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പഞ്ചായത്തിൽ ഫീൽഡ് പരിശോധന ഊർജ്ജിതമാക്കി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമാനുസൃതമായ നടപടി സ്വീകരിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

2) ക്രമ നം.3 ൽ സൂചിപ്പിച്ചിട്ടുള്ള, 12-ാം വാർഡിലെ Ascend Telecome ന്റെ ടവറിന്റെ പ്രവർത്തനം സംബന്ധിച്ച് ബഹു:കേരള ഹൈക്കോടതിയിൽ WP(c)-41882/24 നമ്പർ കേസ് നിലവിലുള്ളതായും, കൂടാതെ വിഷയം ജില്ലാ ടെലിക്കോം കമ്മറ്റിയുടെ പരിഗണനയിലുള്ളതുമാണെന്ന് മേൽ സൂചിപ്പിച്ച ഫീൽഡ് തല പരിശോധനാ റിപ്പോർട്ടിൽ (ഓഡിറ്റ് അന്വേഷണക്കുറിപ്പ് 08/26-06-25 നുള്ള മറുപടി) പഞ്ചായത്ത് വ്യക്തമാക്കിയിട്ടുണ്ട്. ഓഡിറ്റ് വിഭാഗം മൊബൈൽ ടവറിന്റെ പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് തേടിയപ്പോൾ മാത്രമാണ് ബഹു: ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്ന വേളയിലും മൊബൈൽ ടവർ പ്രവർത്തിക്കുന്ന വിവരം ഗ്രാമപഞ്ചായത്ത് അന്വേഷിക്കുന്നതും ഓഡിറ്റിന് റിപ്പോർട്ട് ചെയ്യുന്നതും. കോടതിയിൽ കേസ് നിലവിലുള്ളതിനാൽ ടി കേസിൻമേലുള്ള കോടതിയുടെ വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ യുക്തമായ നടപടി സ്വീകരിച്ച യഥാസമയം ഓഡിറ്റിന് വിവരം അറിയിക്കുന്നതാണെന്ന് ഈ വിഷയത്തിൽ പഞ്ചായത്തിന്റെ തുടർ നടപടി സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (24/27-06-25) മറുപടി ലഭ്യമാക്കി. ഈ വിഷയത്തിൽ കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1–16 സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1994 ലെ പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 232 പ്രകാരം പഞ്ചായത്തിന്റെ ലൈസൻസ് കൂടാതെ ഒരു ആവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കുവാൻ പാടില്ല. 1996 ലെ പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 പട്ടിക 1 പ്രകാരം പാൽ സൊസൈറ്റികൾ (പട്ടിക ക്രമ നം.132), കള്ള് ഷോപ്പുകൾ (പട്ടിക ക്രമ നം.139), എന്നിവ പഞ്ചായത്തിന്റെ ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ടവയാണ്. പഞ്ചായത്തിലെ ലൈസൻസ് സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ 2024-25 സാമ്പത്തിക വർഷത്തിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങൾ ലൈസൻസില്ലാതെയാണ് പ്രവർത്തിക്കുന്നത്.

1) കൈതത്തിൽ ക്ഷീരോൽപ്പാദക സഹകരണ സംഘം, A138 D

2) ആര്യാട് തെക്ക് ക്ഷീരോൽപ്പാദക സഹകരണ സംഘം, A 140 D

3) കള്ള് ഷാപ്പുകളായ TS. No-31, TS.No-26, Ts.No-32, Ts.No-33, Ts.No-34

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾക്ക് ലൈസൻസ് എടുക്കുന്നതിന് നോട്ടീസ് അയച്ചതായും, നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (06/24.06.2025) മറുപടി ലഭ്യമാക്കി. എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടത് പഞ്ചായത്തിന്റെ ഉത്തരവാദിത്തമാണ്. വിഷയത്തിൽ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1–17 സി.സിടി.വി ക്യാമറ സ്ഥാപിക്കൽ – പ്രവൃത്തി പൂർത്തീകരിച്ചില്ല

1) പ്രോജക്റ്റിന്റെ പേര് - പൊതുസ്ഥലങ്ങളിൽ സി.സിടി.വി ക്യാമറ സ്ഥാപിക്കൽ

പ്രോജക്റ്റ് നം - S0188/25 (സ്പിൽ ഓവർ)

അടങ്കൽ തുക – 800000/-

ചെലവ് തുക – 431248/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

ബിൽ നം – XVFC/2024-25/P/8 / 25.9.2024 – 143749/-

ബിൽ നം – XVFC/2024-25/P/49 / 26.3.25 – 287499/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

2023-24 വർഷം ആസൂത്രണം ചെയ്ത മേൽ പ്രോജക്ടിനായി പൊതുമേഖലാ സ്ഥാപനമായ സി-ഡിറ്റുമായി 9.4.2024 ൽ എഗ്രിമെന്റിൽ ഏർപ്പെടുകയും കരാറിലെ നിബന്ധന 4 അനുസരിച്ച് എഗ്രിമെന്റിൽ ഏർപ്പെടുന്ന സമയത്ത് നൽകേണ്ട 20% തുകയായ 143749/- രൂപ 20.9.2024 ലും ഉപകരണങ്ങൾ സപ്ലൈ ചെയ്യുന്ന വേളയിൽ നൽകേണ്ട 40% തുകയായ 287499/- 25.3.25 ലും സി-ഡിറ്റിന് നൽകി.

മേൽ പദ്ധതി പ്രകാരം ഏതൊക്കെ സ്ഥലങ്ങളിലാണ് ക്യാമറ സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതെന്നും നിലവിൽ പദ്ധതി പ്രവർത്തനം ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയിയ്ക്ക് (നം. 14/26.6.25) സ്പിന്നേഴ്സ് ജംഗ്ഷൻ റോഡ്, പഞ്ചായത്ത് ഓഫീസ് റോഡ്, ലൂഥറൻസ് ഹൈസ്കൂൾ റോഡ്, ഗുരുപുരം ജംഗ്ഷൻ, തലവടി ജംഗ്ഷൻ മുതലായ സ്ഥലങ്ങളിലാണ് ക്യാമറ സ്ഥാപിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതെന്നും ഇവിടങ്ങളിൽ പോളുകൾ സ്ഥാപിച്ച് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ടെന്നും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കി എത്രയും വേഗം ക്യാമറ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്നതാണ് എന്നും സെക്രട്ടറി മറുപടി നൽകി.

പദ്ധതിയുടെ പൂർത്തീകരണ/ഇൻസ്റ്റലേഷൻ റിപ്പോർട്ട്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. മേൽ രേഖകളുടെ അഭാവത്തിൽ 431248/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2) പ്രോജക്ടിന്റെ പേര് - എം.സി.എഫ്-ൽ സി.സിടി.വി ക്യാമറ സ്ഥാപിക്കൽ

പ്രോജക്ട് നം - S0185/25 (സ്പിൽ ഓവർ)

അടങ്കൽ തുക – 60000/-

ചെലവ് തുക – 12352/-

വികസന ഫണ്ട് ജനറൽ – RBI1982492074173 / 15.7.2024

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

2023-24 വർഷം ആസൂത്രണം ചെയ്ത മേൽ പ്രോജക്ടിനായി പൊതുമേഖലാ സ്ഥാപനമായ സിഡിറ്റുമായി 19.3.2024 ൽ എഗ്രിമെൻ്റിൽ ഏർപ്പെടുകയും കരാറിലെ നിബന്ധന 4 അനുസരിച്ച് എഗ്രിമെന്റിൽ ഏർപ്പെടുന്ന സമയത്ത് നൽകേണ്ട 20% തുകയായ 12352/- രൂപ 05.07.2024 ൽ വികസന ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. സിഡിറ്റിന്റെ 11.4.2024 ലെ ഇൻവോയ്സ് നം. EDG/2024-25/CCTV/24 പ്രകാരം ശേഷിക്കുന്ന 49407 രൂപയുടെ ഇൻവോയ്സ് സ്ഥാപനം ഹാജരാക്കിയിട്ടുണ്ടെങ്കിലും ബാലൻസ് തുക നൽകിയിട്ടില്ല. നാളിതുവരെ പദ്ധതി പൂർത്തീകരിക്കാതിരുന്നതിന്റെ കാരണം വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയിയ്ക്ക് (നം.14/26.6.25) ക്യാമറ സ്ഥാപിക്കൽ പൂർത്തിയായിട്ടുണ്ടെന്നും മേൽ രണ്ട് പ്രവൃത്തികൾക്കും കൂടി ഒറ്റ മോണിട്ടറിംഗ് സിസ്റ്റമാണ് വിഭാവനം ചെയ്തിട്ടുള്ളതെന്നും രണ്ട് പദ്ധതികളും അടിയന്തരമായി പൂർത്തിയാക്കുന്നതാണ് എന്നും സെക്രട്ടറി അറിയിച്ചു.

പദ്ധതിയുടെ പൂർത്തീകരണ/ഇൻസ്റ്റലേഷൻ റിപ്പോർട്ട്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. മേൽ രേഖകളുടെ അഭാവത്തിൽ 12352/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1–18 ചെമ്പന്തറ സബ്സെന്റർ നിർമ്മാണം–സോയിൽ ടെസ്റ്റ്–നടത്തിയെങ്കിലും കെട്ടിടനിർമ്മാണം ഗ്രാമപഞ്ചായത്ത് മുഖേന നടപ്പാക്കിയില്ല**

ചെമ്പന്തറ സബ്സെന്റർ നിർമ്മാണം-സോയിൽ ടെസ്റ്റ് നടത്തിയെങ്കിലും പ്രവൃത്തി ഗ്രാമപഞ്ചായത്ത് മുഖേന നടപ്പാക്കിയില്ല, വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ചെമ്പന്തറ സബ്സെന്റർ നിർമ്മാണം-സോയിൽ ടെസ്റ്റിനായുള്ള പദ്ധതി |

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0268/25 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ, LID&EW |
| കരാറുകാരൻ | AA&S കൺസ്ട്രക്ഷൻസ് |
| അളവ് പുസ്തകം | 90066/2024 |
| ചെലവ് വിവരം | 1,18,555/-വൗച്ചർ നം-1733/28.3.25 (തനതുഫണ്ട്) |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ചെമ്പന്തറ സബ്സെന്റർ നിർമ്മാണത്തിനായി സോയിൽ ടെസ്റ്റിംഗ് നടത്തിയിട്ടുണ്ടെങ്കിലും സബ് സെന്ററിന്റെ കെട്ടിടനിർമ്മാണ പ്രവൃത്തി അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന നടപ്പാക്കിയിട്ടില്ല. ഹെൽത്ത് ഗ്രാന്റ് വിനിയോഗത്തിനുള്ള മാർഗ്ഗനിർദ്ദേശ പ്രകാരം (സ.ഉ.(സാധാ) നം.1625/2023/LSGD തീയതി-9.8.23.) ഗ്രാമപഞ്ചായത്തുകളിൽ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ നിർവ്വഹണോദ്യോഗസ്ഥൻ അസിസ്റ്റന്റ് എഞ്ചിനീയറായിരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സബ്സെന്റർ നിർമ്മാണത്തിനായി ഹെൽത്ത് ഗ്രാന്റായി ലഭിച്ച തുക 22,75,000 രൂപ ഗ്രാമപഞ്ചായത്ത് മുഖേന കെട്ടിടനിർമ്മാണ പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കാത്ത സാഹചര്യത്തിൽ 25.3.25 ൽ എൻ.എച്ച്.എം. അക്കൗണ്ടിലേയ്ക്ക് തിരികെ നല്കിയിട്ടുമുണ്ട്. ടി സാഹചര്യത്തിൽ സോയിൽ ടെസ്റ്റിംഗിനായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയത് പ്രകാരമുള്ള സോയിൽ ടെസ്റ്റിംഗ് റിപ്പോർട്ട് സബ്സെന്റർ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിർവ്വഹണത്തിൽ പ്രയോജനപ്രദമാക്കുവാൻ സാധിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമല്ല. കൂടാതെ സോയിൽ ടെസ്റ്റിംഗ് നടത്തിയതിൽ ചുവടെ ചേർക്കുന്ന ന്യൂനതകൾ ഉണ്ടായിട്ടുണ്ട്.

ചെമ്പന്തറ ആരോഗ്യ ഉപകേന്ദ്രം ഹെൽത്ത് ആന്റ് വെൽനസ് സെന്ററായി ഉയർത്തുന്നതിന്റെ ഭാഗമായി കെട്ടിട നിർമ്മാണത്തിനുള്ള സ്ഥലം പരിശോധനയിൽ സോയിൽ ടെസ്റ്റിംഗ് ആവശ്യമാണെന്ന സ്ട്രക്ച്ചറൽ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സോയിൽ ടെസ്റ്റിംഗ് നടപ്പാക്കിയിരിക്കുന്നത്. ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് പ്രൈസ് 3 ചാപ്റ്റർ 56 പ്രകാരമാണ്. ടി എസ്റ്റിമേറ്റിൽ സ്പെസിഫിക്കേഷൻ 56.11.a (ക്രമ നം.1.009) Machine Boring For 5 Bore Holes ന്റെ നിരക്കിലാണ് തുക കണക്കാക്കിയിരിക്കുന്നത്. കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിൽ കൂടിയ നിരക്കിലാണ് ടി ഇനത്തിന് ക്വാട്ട് ചെയ്ത് പ്രവൃത്തി നടപ്പാക്കിയിരിക്കുന്നത്. പ്രവൃത്തി പൂർത്തീകരിച്ച് കരാറുകാരൻ സമർപ്പിച്ച ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് പ്രകാരം Machine Boring For 2 Bore Holes എന്ന പ്രവൃത്തിയാണ് നടപ്പാക്കിയിട്ടുള്ളത്. എസ്റ്റിമേറ്റ് പ്രകാരമുള്ള സോയിൽ ടെസ്റ്റിംഗ് നടപ്പാക്കാതിരുന്നതിനാൽ തന്നെ ടി ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് പ്രസ്തുത കെട്ടിട നിർമ്മാണത്തിനായി പ്രയോജനപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമല്ല. ടി പ്രവൃത്തി അസിസ്റ്റന്റ് എഞ്ചിനീയർ, ഗ്രാമപഞ്ചായത്തുവഴി നടപ്പാക്കാത്തതിനും, നിലവിൽ പ്രവൃത്തിയുടെ നിർവ്വഹണം എപ്രകാരമാണെന്നത് സംബന്ധിച്ച വിശദ വിവരവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (10/26.6.25) മറുപടിയായി നിർവ്വഹണോദ്യാഗസ്ഥന് കത്ത് നല്കിയിട്ടുണ്ടെന്നും മറുപടി ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്നുമാണ് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയത്. എന്നാൽ ടി പ്രവൃത്തി എപ്രകാരമാണ് നിലവിൽ നിർവ്വഹണം നടത്തുന്നതെന്നും, കെട്ടിട നിർമ്മാണ മുന്നൊരുക്ക പ്രവർത്തനമായി നടത്തിയ സോയിൽ ടെസ്റ്റിംഗ്, നിർമ്മാണ പ്രവൃത്തിയ്ക്കായി പ്രയോജനപ്രദമാക്കിയിട്ടുണ്ടോ എന്നതു സംബന്ധിച്ച വിവരങ്ങളും മറുപടിയോടൊപ്പം നിർവ്വഹണോദ്യാഗസ്ഥൻ അറിയിച്ചിട്ടില്ല. മേൽ കാരണങ്ങളാൽ പ്രവൃത്തിയ്ക്കായി ചെലവഴിച്ച 1,18,555 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-19 കുഴിച്ചെടുത്ത മണ്ണ്,ഡിസ്മാന്റിൽ ചെയ്ത ടൈൽ - വിനിയോഗം/പുനരുപയോഗം എന്നിവയുടെ വിവരം ലഭ്യമാക്കിയില്ല**

പ്രോജക്റ്റ് നമ്പർ S0072/25

പ്രോജക്റ്റിന്റെ പേര് - നെയ്ത്താളിൽ റോഡിൽ ഡ്രൈയിനേജ് നിർമ്മാണം

അടങ്കൽ- 1500000 (മെയിന്റനൻസ് ഫണ്ട് റോഡ്)

കരാറുകാരൻ - ജോഷി ജോർജ്ജ്

എഗ്രിമെന്റ് നമ്പർ- 5/AE/LID&EW/19.11.24

അളവ് പുസ്തകം - ഇ-എം ബുക്ക്, കമ്പോണന്റ് നമ്പർ- 35529/2024

ചെലവ് വിവരം - ബിൽ നമ്പർ- 33/19.3.25- 866633 രൂപ ( CC 1st & Part Bill).

നെയ്യാളിൽ റോഡിൽ ഡ്രെയിനേജ് നിർമ്മാണം എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ഒന്നാമിനമായി ഫൗണ്ടേഷന് വേണ്ടി 91.690 $M^3$ സാധാരണ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. ഇനം 2.002 (റോഡ്) പ്രകാരം ഫില്ലിംഗ് വിത്ത് കോൺട്രാക്ടേഴ്സ് ഓൺ എർത്ത് എന്നയിനം 13.276$m^3$ ചെയ്തിട്ടുണ്ട് (എം.ബുക്ക് പ്രകാരം). ടി ഫില്ലിംഗ് പ്രവൃത്തിയ്ക്കായി ഒന്നാമിനമായി കുഴിച്ചെടുത്ത 91.690 $M^3$ മണ്ണ് റോഡിന്റെ സൈഡ് ഫില്ലിംഗിനായി ഉപയോഗിച്ചിട്ടില്ല. മണ്ണിന്റെ വിനിയോഗം സംബന്ധിച്ച വിവരങ്ങളൊന്നും തന്നെ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. 13.27$m^3$ മണ്ണ് ഫില്ലിംഗിന് പാർട്ട് ബിൽ പ്രകാരം തുക നല്കിയിട്ടുമില്ല. ഒന്നാമിനമായി കുഴിച്ചെടുത്ത 91.690 $M^3$ മണ്ണ്, 28.12.24 ലെ പഞ്ചായത്ത് കമ്മറ്റിയുടെ 2(5) നമ്പർ തീരുമാനപ്രകാരം നെയ്യാളിൽ റോഡിന്റെ ഇരുവശങ്ങളിലും താമസിക്കുന്നവരുടെ പറമ്പുകളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി നല്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ടി ഗുണഭോക്താക്കളുടെ വിവരം ഫയലിൽ സൂക്ഷിച്ചിട്ടില്ല. ടി പ്രവൃത്തിയിലുൾപ്പെട്ട നെയ്യാളിൽ റോഡിന്റെ മെയിന്റനൻസിന്റെ ഭാഗമായി 278.5$m^2$ ഇൻറർലോക്ക് ടൈൽ ഡിസ്മാന്റിൽ ചെയ്തിട്ടുണ്ട്. ആയത് പുനരുപയോഗിച്ചതിന്റെ വിവരവും ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (19/27.6.25) മറുപടിയായി, കുഴിച്ചെടുത്ത മണ്ണ് വിനിയോഗിച്ച ഗുണഭോക്താക്കളെ നിശ്ചയിച്ച നല്കാൻ അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടില്ലെന്നും, ഡിസ്മാൻറിൽ ചെയ്ത ടൈലിന്റെ പുനരുപയോഗം ഫൈനൽ ബില്ലിൽ ഉൾപ്പെടുത്തുന്നതാണെന്നും, റോഡ് സൈഡ് ഫില്ലിംഗിനായി ഉപയോഗിച്ച മണ്ണിന്റെ വില ഫൈനൽ ബില്ലിൽ നിന്നും കുറവുചെയ്യുന്നതുമാണെന്ന് അറിയിച്ചു. പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ നല്കിയശേഷം, മേൽ വിവരങ്ങൾ ക്രമീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്.

### 1-20 സൗത്ത് ആര്യാട് ആരോഗ്യ ഉപകേന്ദ്രം ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്ററായി ഉയർത്തുന്നതിനുള്ള കെട്ടിട നിർമ്മാണം-പ്രവൃത്തി മന്ദഗതിയിൽ

പ്രോജക്റ്റ് നമ്പർ - S0263/25

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ടിന്റെ പേര് - സൗത്ത് ആര്യാട് ആരോഗ്യ ഉപകേന്ദ്രം ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്ററായി ഉയർത്തുന്നതിനുള്ള കെട്ടിട നിർമ്മാണം.

അടങ്കൽ- 55,50,000 (ഹെൽത്ത് ഗ്രാന്റ്)

കരാറുകാരൻ - സെബാസ്റ്റ്യൻ.ബി.സി

എഗ്രിമെന്റ് നമ്പർ- 6/AE/LID&EW/ARYAD GP/24-25 തീയതി-21.11.2024

അളവ് പുസ്തകം - ഇ-എം ബുക്ക്, കമ്പോണന്റ് നമ്പർ- 41403/2024

ചെലവ് വിവരം - 613161 രൂപ (വൗച്ചർ നം.1501/10.3.25)

സൗത്ത് ആര്യാട് ആരോഗ്യ ഉപകേന്ദ്രം ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്ററായി ഉയർത്തുന്നതിനുള്ള കെട്ടിട നിർമ്മാണം പ്രവൃത്തിയുടെ ഫൗണ്ടേഷന് വേണ്ടിയുള്ള പ്രാഥമിക പ്രവർത്തനങ്ങൾ നടത്തിയതിനായി തൻവർഷം 6,13,161 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. 21.11.2024ൽ കരാറിലേർപ്പെട്ടിട്ടുള്ള പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് ഒരു വർഷമാണ്. പ്രവൃത്തിയുടെ നിലവിലെ പ്രവർത്തന പുരോഗതി വിവരവും, പദ്ധതിയ്ക്കായുള്ള ഫണ്ട് ലഭ്യതയുടെ (ഹെൽത്ത് ഗ്രാന്റിൽ നിന്നും ലഭിച്ച തുകയുടെ വിവരം) വിവരവും അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (18/27.6.25) മറുപടിയായി ഗ്രൗണ്ട് ഫ്ളോറിന്റെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും പ്രോജക്റ്റ് സ്പിൽ ഓവറായി നടപ്പിലാക്കുന്നതാണെന്നും അറിയിച്ചു. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരരിക്കേണ്ടതാണ്.

## 1-21 പൊതുശുചിമുറിയും ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രവും സ്ഥാപിക്കൽ -പ്രവൃത്തി അനന്തമായി നീണ്ടുപോകുന്നു

| | |
|---|---|
| പ്രവൃത്തിയുടെ പേര് | പൊതുശുചിമുറിയും ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രം സ്ഥാപിക്കലും |
| പ്രോജക്ട് നമ്പർ | S0215/25 (സ്പിൽ ഓവർ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ, LID&EW |
| കരാറുകാരൻ | സണ്ണി.വി |
| അളവ് പുസ്തകം | 76863/2022 |
| അടങ്കൽ/എസ്റ്റിമേറ്റ് തുക/T.S | 25,00,000 |

പൊതുശുചിമുറിയും ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രവും സ്ഥാപിക്കൽ -പ്രവൃത്തിയുടെ നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) <u>പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല</u>

പൊതുശുചിമുറിയും ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രങ്ങളും സ്ഥാപിക്കൽ എന്ന പ്രവൃത്തിയ്ക്കായി 2096086 രൂപ കോൺട്രാക്ട് തുക (Agreed PAC) അംഗീകരിച്ച് 9.8.23 ൽ കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയറുമായി കരാറിലേർപ്പെട്ടിട്ടുണ്ട് (5/AE/LID&EW/ARYAD). ഒരു വർഷക്കാലമാണ് പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ്. 19.8.23 ൽ സൈറ്റ് ഹാൻഡ് ഓവർ ചെയ്തുനല്കിയിട്ടുള്ള ടി പ്രവൃത്തി 18.8.24 ൽ പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി ഓഡിറ്റുകാലയളവ് വരെ പൂർത്തീകരിച്ചിട്ടില്ല. 5.1.24 ലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ 24/AE/LSGD/AGP/23-24 നമ്പർ കത്ത് പ്രകാരം പ്രവൃത്തി അടിയന്തിരമായി ആരംഭിക്കുന്നതിന് കരാറുകാരന് നോട്ടീസ് നല്കിയിട്ടുണ്ട്. തുടർന്ന് 23.3.24 ൽ ടി പ്രവൃത്തിയുടെ അടിത്തറ നിർമ്മാണം നടത്തി പാർട്ട് ബില്ല് പ്രകാരം 4,05,911 രൂപ (379/29.10.24), കേന്ദ്രാവിഷ്കൃത ഫണ്ട് ചെലവഴിച്ചിട്ടുണ്ട്. തുടർന്ന് 48,800 രൂപയും ( *432/12.12.24), 2,07,513 ( 751/22.3.25) രൂപയും ഉൾപ്പെടെ ആകെ 6,62,224 രൂപ ചെലവഴിച്ച് കോൺക്രീറ്റിംഗ് വരെയുള്ള പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ട്.*

*2) <u>കോമ്പൻസേഷൻ ഇനത്തിൽ തുക ഈടാക്കിയിട്ടില്ല</u>*

ജി.ഒ. (പി)13/2012/PWD/01-02-2012 പ്രകാരം പൊതുമരാമത്ത് മാനുവൽ 2012 ലെ സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറുമാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാൻ പാടില്ല. കൂടാതെ കരാർ പ്രകാരമുള്ള സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ, 2012 ലെ പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2116-1 ൽ അനുശാസിക്കുന്ന വിധം കാലതാമസം വരുത്തിയ ഓരോ ആഴ്ചയും കരാർ തുകയുടെ 0.1% നിരക്കിൽ ലിക്വിഡേറ്റഡ് ഡാമേജ് (കോമ്പൻസേഷൻ) ഈടാക്കേണ്ടിയിരുന്നു. എന്നാൽ ഈ പ്രവൃത്തിയിൽ കോമ്പൻസേഷൻ ഇനത്തിൽ തുക ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ, 19.8.23-ൽ സൈറ്റ് ഹാന്റോവർ ചെയ്തിട്ടുള്ളതും പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് ഒരു വർഷവുമാണ്. ഇതനുസരിച്ച് പ്രവൃത്തി 18.8.24 ൽ പൂർത്തീകരിക്കേണ്ടതായിരുന്നു. പ്രവൃത്തിയ്ക്ക് സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചുകൊണ്ട് സമയം നീട്ടി നൽകിയിട്ടില്ല. കാലാവധി ദീർഘിപ്പിച്ചു നല്കുന്നതിനായുള്ള കരാറുകാരന്റെ അപേക്ഷയും ഫയലിൽ ഇല്ല. കരാർ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാത്ത കരാറുകാരനെതിരെ നിയമാനുസൃത നടപടികൾ കൈക്കൊണ്ടിട്ടുമില്ല.

കൂടാതെ 25.11.24-ൽ (എം.ബുക്ക് രേഖപ്പെടുത്തൽ) 2-ാം ഭാഗിക ബിൽ നൽകിയപ്പോൾ അതുവരെ ഈടാക്കേണ്ടിയിരുന്ന ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കിയിട്ടില്ല. 25.11.24 വരെ കാലതാമസം വരുത്തിയ 14 ആഴ്ചത്തേക്ക് ചുവടെ ചേർക്കുംവിധം കോമ്പൻസേഷൻ ഈടാക്കേണ്ടതായിരുന്നു.

കാലതാമസം - 18.8.24 മുതൽ 25.11.24 വരെ (എം.ബുക്കിൽ അളവ് രേഖപ്പെടുത്തിയ തീയതി) - 14 ആഴ്ച

ഈടാക്കേണ്ടിയിരുന്ന ലിക്വിഡേറ്റഡ് ഡാമേജ് - 2096086 X 14 X 0.1% = 29345 രൂപ.

ഈ പ്രവൃത്തിയുടെ രണ്ടാം ഭാഗീക ബില്ലിൽ നിന്നും ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കിയിട്ടില്ല. *മേൽ ന്യൂനതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (11/26.6.25) മറുപടിയായി അടുത്ത ബില്ലിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കി ആവശ്യമായ സപ്ലിമെന്ററി എഗ്രിമെന്റ് വച്ച് പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നിയമാനുസൃതമായ നടപടികളിലൂടെ പ്രവൃത്തി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.*

**1–22 ലൈഫ് ഭവന നിർമ്മാണം –പൂർത്തീകരിച്ചില്ല**

നിർവ്വഹണ ഉദ്യോഗസ്ഥൻ – വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ
എ) അഡ്വാൻസ് തുക കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം ആരംഭിച്ചില്ല

ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവനനിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങളടങ്ങിയ രജിസ്റ്ററും അപേക്ഷയും അനുബന്ധരേഖകളും പരിശോധിച്ചതിൽ താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ ആദ്യ ഗഡു കൈപ്പറ്റിയിട്ടും ഭവനനിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | തീയതി |
|---|---|---|
| ശാന്തമ്മ, മുര്യംവെളി, വാർഡ്-8 | 40000 | 13.12.23 |
| രാജമ്മ, വെളിയിൽ, വാർഡ്-8 | 40000 | 01.02.24 |
| സീനത്ത്, പുത്തൻപുരയ്ക്കൽ, വാർഡ്-9 | 40000 | 13.12.23 |
| പ്രകാശിനി, പട്ടത്താനത്ത്, വാർഡ്-8 | 40000 | 16.01.24 |
| സബീന, പുളിയ്ക്കൽ, വാർഡ്-8 | 40000 | 08.01.24 |
| വിജയൻ, മാന്നാപറമ്പ്, വാർഡ്-8 | 40000 | 02.02.24 |
| ഷാജി, തേനായി, വാർഡ്-9 | 40000 | 08.01.24 |
| യോഹനാൻ, വാർഡ്-6 | 40000 | 01.02.24 |
| സുധർമ്മ, കാരിക്കുഴി, വാർഡ്-14 | 40000 | 23.01.23 |
| ആകെ | 360000/- | |

പ്രസ്തുത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/27.06.2025) ലഭിച്ച മറുപടിയിൽ പണി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ ഒരു മീറ്റിംഗ് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ 06.02.25 തീയതിയിൽ കൂടിയിട്ടുള്ളതും പണി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നതായും അറിയിച്ചിട്ടുണ്ട്. അഡ്വാൻസ് കൈപ്പറ്റി നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ബി) ലൈഫ് ഭവനനിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങളടങ്ങിയ രജിസ്റ്റർ പരിശോധിച്ചതിൽ അഡ്വാൻസ് കൈപ്പറ്റിയ ചില ഗുണഭോക്താക്കൾ ഭവനനിർമ്മാണം നാളിതുവരെ പൂർത്തീകരിക്കുകയോ, തുടർ തവണകളിലെ പണം കൈപ്പറ്റുകയോ ചെയ്തിട്ടില്ല എന്ന് വ്യക്തമാകുന്നു. കരാർ വെച്ച ശേഷം ആറ് മാസത്തിനകം പണി പൂർത്തിയാക്കണമെന്നിരിക്കെ ഒരു വർഷത്തിന് ശേഷവും പണി പൂർത്തിയാക്കിയതായോ, തുടർന്നുള്ള പണം കൈപ്പറ്റിയതായോ കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെപേര് | ആദ്യഗഡു 40000/- നൽകിയ തീയതി | ആകെ നൽകിയ തുക |
|---|---|---|---|
| 1 | കുശലകുമാരി,വെളിത്തേടത്ത്,വാർഡ്-5 | 1.07.2021 | 360000/- |

| | | | |
|---|---|---|---|
| 2 | കാസിം, എബിനേസർ വില്ല, വാർഡ്-6 | 12.02.2023 | 360000/- |
| 3 | സുഷമ സി, കൈതത്തിൽ, വാർഡ്-2 | 22.06.2023 | 360000/- |
| 4 | ശ്രീദേവി, കുറ്റിപ്പുറത്ത്, വാർഡ്-8 | 22.06.2023 | 360000/- |
| 5 | പ്രസീദ, തലകെട്ടിൽ, വാർഡ്-9 | 26.3.2023 | 360000/- |
| 6 | ഉമയമ്മ രാജപ്പൻ, കണ്ടത്തിൽപറമ്പ് വാർഡ്-2 | 28.03.23 | 360000/- |
| 7 | ശോഭന ബാബു, ചിറ്റുവേലിക്കകം വാർഡ്-2 | 29.05.23 | 300000/- |
| 8 | അമ്മിണി, പുത്തൻകണ്ടത്തിൽ വാർഡ്-2 | 13.12.23 | 360000/- |
| 9 | സുരമ്യ, കൈതകുളങ്ങര, വാർഡ്-10 | 26.06.23 | 340000/- |
| 10 | വൽസല രാധാകൃഷ്ണൻ, കമ്പിയകം വാർഡ്-4 | 22.01.24 | 360000/- |
| 11 | അസീന, തലക്കാട്ടുവെളി, വാർഡ്-6 | 1.01.24 | 260000/- |
| 12 | സജീന, കന്നിയാംപറമ്പിൽ, വാർഡ്-8 | 08.01.24 | 340000/- |
| 13 | സരസമ്മ, മുര്യംവെളി, വാർഡ്-8 | 1.02.24 | 140000/- |
| 14 | സൈമൺ, വാളശ്ശേരി, വാർഡ്-6 | 22.01.24 | 360000/- |
| 15 | മിനി, കടവിൽ, വാർഡ്-9 | 13.12.23 | 360000/- |
| 16 | തോമസ്, നാല്ലണ്ടത്തിൽ, വാർഡ്-7 | 22.07.24 | 360000/- |
| 17 | കല, വലിയ കോവിലകത്ത്, വാർഡ്-2 | 8.01.24 | 360000/- |
| 18 | ശിവപ്രസാദ്, ചാനപറമ്പ്, വാർഡ്-8 | 8.01.24 | 300000/- |
| 19 | റോമി, ചിത്രാലയം, വാർഡ്-3 | 8.01.24 | 360000/- |
| 20 | ബിൻസി മോൾ, പതിനഞ്ചിൽ വാർഡ്-2 | 24.01.24 | 200000/- |
| 21 | പങ്കജാക്ഷി, നെടിയാംപോള വാർഡ്-4 | 24.01.24 | 200000/- |
| 22 | കനകമ്മ, വാലേച്ചിറയിൽ, വാർഡ്-7 | 13.12.23 | 200000/- |
| 23 | പത്മിനി, കടവിൽ, വാർഡ്-9 | 13.12.23 | 360000/- |
| 24 | ജ്യോതിമോൾ, കുളക്കാട്ടുവെളി വാർഡ്-7 | 22.01.24 | 360000/- |
| 25 | ബിന്ദു തോമസ്, നാല്ലണ്ടത്തിൽ വാർഡ്-7 | 01.02.24 | 360000/- |
| 26 | ഹരീല, ഷഹീർ മൻസിൽ, വാർഡ്-8 | 01.02.24 | 200000/- |
| 27 | സുമിന, ളുളക്കാട്ടുവെളി, വാർഡ്-6 | 8.01.24 | 200000/- |
| 28 | ദീപാങ്കുരൻ, നെടിയാംപോള വാർഡ്-4 | 22.02.24 | 200000/- |
| 29 | പ്രദീപ് കുമാർ, വടക്കാലിശ്ശരി വാർഡ്-17 | 19.06.23 | 300000/- |
| 30 | സെബാസ്റ്റ്യൻ, തൈപ്പറമ്പിൽ വാർഡ്-17 | 19.06.23 | 140000/- |
| 31 | പ്രസന്ന, കല്ലുച്ചിറ, വാർഡ്-1 | 31.07.23 | 340000/- |

| | | | |
|---|---|---|---|
| 32 | ശോഭ, കാരിക്കുഴി, വാർഡ്-14 | 20.09.23 | 200000/- |
| 33 | ജോൺ എഫ്,പത്ത്തയ്യിൽ,വാർഡ്-15 | 29.09.23 | 353054/- |
| 34 | സെലീന റാഫേൽ, പള്ളിപ്പറമ്പിൽ വാർഡ്-18 | 23.12.23 | 340000/- |
| 35 | മഹിളാമണി, മീനപ്പള്ളി, വാർഡ്-12 | 23.12.23 | 360000/- |
| 36 | കമലമ്മ, പൊഴിക്കൽ, വാർഡ്-16 | 23.12.23 | 300000/- |
| 37 | റോസ്ലിന്റമ്മ, കുടിയാശ്ശേരി, വാർഡ്-17 | 16.01.24 | 300000/- |
| 38 | സതി ഗോപി, മാടയിൽ, വാർഡ്-16 | 16.01.24 | 300000/- |
| 39 | ഷൈനി ബി, വടക്കേമഠം, വാർഡ്-15 | 16.01.24 | 300000/- |
| 40 | യേശുദാസ്, വാക്കരിയിൽ, വാർഡ്-17 | 16.01.24 | 300000/- |
| 41 | സുധ, കണ്ടത്തിൽ, വാർഡ്-17 | 24.05.23 | 200000/- |
| 42 | ആബിദ, പുതുവേൽ, വാർഡ്-15 | 16.01.24 | 300000/- |
| 43 | കവിത സാബു, കുളങ്ങരയിൽ, വാർഡ്-1 | 16.01.24 | 200000/- |
| 44 | ടോമിച്ചൻ, നെടിയാംപോള, വാർഡ്-13 | 24.01.24 | 300000/- |
| 45 | ശോഭന രാജേന്ദ്രൻ, വേലൻപറമ്പ്, വാർഡ്-16 | 30.01.24 | 190000/- |
| 46 | ജഗദമ്മ, പുത്തൻകണ്ടത്തിൽ,വാർഡ്-2 | 20.02.24 | 393010/- |
| 47 | രമണി, മുല്ലാപറമ്പ്, വാർഡ്-15 | 24.03.24 | 200000/- |
| 48 | രാഗിണി ടി എസ്, തൈപ്പറമ്പ്, വാർഡ്-1 | 24.03.24 | 300000/- |
| 49 | ബിന്ദു അശോകൻ, തൈലൻതറവെളി വാർഡ്-13 | 24.03.24 | 300000/- |
| 50 | ബീന, അരയശ്ശേരി, വാർഡ്-16 | 24.03.24 | 300000/- |
| 51 | മേരി, വാർഡ്-17 | 05.07.24 | 200000/- |
| 52 | മണി ശാന്തമ്മ, തറയിൽവെളി വാർഡ്-12 | 07.11.24 | 260000/- |
| 53 | ബീന, ചാപ്രയിൽ, വാർഡ്-11 | 13.12.23 | 360000/- |
| 54 | വിജയമ്മ, കാരിക്കുഴി, വാർഡ്-14 | 02.12.24 | 360000/- |
| 55 | മേരി ജയ്യമ്മ, കോയ്ക്കൽ, വാർഡ്-17 | 25.03.24 | 300000/- |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം - 27/27-06-25 ന് ലഭ്യമാക്കിയ മറുപടി പ്രകാരം വീട് നിർമ്മാണ പണികൾ വിവിധ ഘട്ടങ്ങളിൽ ആണെന്ന് അറിയിച്ചു. പണി പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരണ വിവരം യഥാസമയം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**1-23 ബില്ലിൽ നിന്നും ടി.ഡി.എസ് ആയി കുറവുചെയ്യേണ്ട ജി.എസ്.ടി തുക കുറവു ചെയ്യാതെ കരാറുകാർക്ക് അധിക തുക നല്കി**

മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കിയ മെറ്റീരിയൽ വർക്കുകളിൽ, ഓരോ പ്രവൃത്തികൾക്കും പ്രത്യേകം ടെണ്ടർ ക്ഷണിച്ചാണ് മെറ്റീരിയൽസ് വാങ്ങിയിട്ടുള്ളത്. എന്നാൽ കരാർ പ്രകാരം സാധനങ്ങൾ സപ്ലൈ ചെയ്തതിന് തുക അനുവദിച്ചപ്പോൾ ബില്ലിൽ നിന്നും നിയമാനുസൃതം ടി.ഡി.എസ് ആയി കുറവ് ചെയ്യേണ്ട ജി.എസ്.ടി (250000/- ലക്ഷം രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക്) കുറവ് ചെയ്യാതെ തുക നൽകിയത് മൂലം കരാറുകാരന് അധിക തുക നൽകുവാനിടയായി. വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ | കരാറുകാരന്റെ | മെറ്റീരിയൽസിന് | ഈടാക്കേണ്ട | എഫ്.ടി.ഒ. |
|---|---|---|---|---|

| വിവരം | പേര് | നൽകിയ തുക | GST (2%) | നമ്പർ/തീയതി |
|---|---|---|---|---|
| പ്ലാപ്പള്ളി കോൺക്രീറ്റ് റോഡ് നിർമ്മാണം | ആലപ്പുഴ ലേബർ കോൺട്രാക്ട് സൊസൈറ്റി | 3,77,707 | 7554 | 346218/13.5.24 |
| ക്രെസ്റ്റ് റോഡ് നിർമ്മാണം | സിയാദ് മേത്തർ | 2,70,670.88 | 5413 | 16176/6.12.24 |
| ആകെ | | | 12967 | |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (25/27.6.25) മറുപടിയായി 5413 രൂപ അടച്ച് രസീത് ഹാജരാക്കി (R-040401-25001102/28.6.25). ആലപ്പുഴ ലേബർ കോൺട്രാക്ട് സൊസൈറ്റിയ്ക്ക് അധികം നല്കിയ 7554 രൂപ തിരികെ ഈടാക്കി, ജി.എസ്.ടി വകുപ്പിൽ അടച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-24 ജലാശയങ്ങളുടെ ശുചീകരണം- കൂടിയ നിരക്കിൽ ജി.എസ്.ടി അനുവദിച്ചതുമൂലം കരാറുകാരന് അധിക തുക നല്കാനിടയായി

ജലാശയങ്ങളുടെ ശുചീകരണം- കൂടിയ നിരക്കിൽ ജി.എസ്.ടി അനുവദിച്ചതുമൂലം കരാറുകാരന് അധിക തുക നല്കാനിടയായി, വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ജലാശയങ്ങളുടെ ശുചീകരണം- |
| പ്രോജക്ട് നമ്പർ | S0227/25 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ, LID&EW |
| കരാറുകാരൻ | വിജയ് വി.നായർ |
| അളവ് പുസ്തകം | 104019/2023 |
| ചെലവ് വിവരം | 100000 രൂപ Vr.no.22401203/16.1.25.<br>239754 രൂപ<br>Vr.no.xvfc/2024-25/p/339 Dated-15.3.25 |

ജലാശയങ്ങളുടെ ശുചീകരണം-പദ്ധതിയിൽ തോട് വൃത്തിയാക്കുന്നതിനായി കടകൽ, കുറ്റിച്ചെടികൾ എന്നിവ നീക്കം ചെയ്യുകയും വെള്ളത്തിനടിയിലെ ചെളി നീക്കം ചെയ്യുകയുമാണ് നിർവ്വഹിച്ചിരിക്കുന്നത്. പ്രവൃത്തിയ്ക്ക് കരാറുകാരന് തുക അനുവദിച്ചത് 18% GST ഉൾപ്പെടെ ആണ്. 2017 ലെ CGST ആക്ട് സെക്ഷൻ 2 ക്ളോസ് 119 പ്രകാരം കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ (ഡിപ്പാർട്ട്മെന്റ് ഓഫ് റവന്യൂ) 13.10.2017 ലെ നോട്ടിഫിക്കേഷൻ നം.31/2017), കരാർ പ്രവൃത്തി മൂല്യത്തിന്റെ 75% ൽ അധികം എർത്ത് വർക്കാണെങ്കിൽ 5% GST മാത്രമാണ് ബാധകം. നിലവിലെ പുതുക്കിയ GST നിരക്കനുസരിച്ച് 12% ആണ് പ്രസ്തുത പ്രവൃത്തിയ്ക്ക് ബാധകം. ഉയർന്ന നിരക്കിൽ GST അനുവദിച്ചത് അധികച്ചെലവിനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ഫൈനൽ ബിൽ പ്രകാരമുള്ള തുക | 287926.60 |
| അനുവദിച്ച GST 18% | 51827 |
| അനുവദനീയമായ GST 12% | 34551 |
| അധികം നൽകിയത് | 17276 |

മേൽ പ്രവൃത്തിയിൽ 94% എർത്ത് വർക്കാണ് ചെയ്തിട്ടുള്ളത്. ഇപ്രകാരം ജി.എസ്.ടി ഇനത്തിൽ കരാറുകാരന് അധിക തുക നല്കിയതിന് വിശദീകരണവും, ടി തുക ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (9/26.6.25) ജി.എസ്.ടി ഇനത്തിൽ കരാറുകാരന് അധികം നല്കിയ തുക കരാറുകാരൻ ജി.എസ്.ടി വകുപ്പിൽ അടച്ചിട്ടുണ്ടെന്നാണ് മറുപടി നൽകിയത്. അർഹമായതിൽ കൂടുതൽ തുക കരാറുകാരന് നല്കിയ നടപടി അംഗീകരിക്കുവാൻ സാധ്യമല്ല. ആയതിനാൽ ജി.എസ്.ടി ഇനത്തിൽ കരാറുകാരന് അധികം നല്കിയ 17276 രൂപ തിരികെ

ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് നിർവ്വഹണോദ്യോഗസ്ഥയുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## 1-25 ജൽ ജീവൻ മിഷൻ പദ്ധതി- അവലോകനം

ഇൻഡ്യയിലെ എല്ലാ ഗ്രാമീണ ഭവനങ്ങൾക്കും 2024 വർഷത്തോടെ ഗാർഹിക കുടിവെള്ള കണക്ഷൻ എന്ന ലക്ഷ്യത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽജീവൻ പദ്ധതി. വീടുകളിലേക്ക് ടാപ്പുകൾ വഴി കുടിവെള്ള കണക്ഷൻ എത്തിക്കുന്നത് കൂടാതെ ഓരോ വീടിനും ആവശ്യമായ കുടിവെള്ളം നിർദ്ദിഷ്ട ഗുണനിലവാരത്തിൽ മുടങ്ങാതെ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്.

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 2024-നുള്ളിൽ പ്രവർത്തനക്ഷമമായ ടാപ്പ് കണക്ഷനുകൾ ലഭ്യമാക്കുക, വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യകേന്ദ്രങ്ങൾ, പൊതുകെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ ടാപ്പുകൾ നൽകുക തുടങ്ങിയവയാണ് കേരളത്തിലെ ജൽജീവൻ മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ. കേരളത്തിൽ വാട്ടർ അതോറിറ്റി നടപ്പാക്കുന്ന ജലജീവൻ പദ്ധതിയിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വിഹിതം 15%, ഗുണഭോക്തൃ വിഹിതം 10% എന്നിങ്ങനെയാണ്. പഞ്ചായത്ത് വിഹിതവും, ഗുണഭോക്തൃ വിഹിതവും കണ്ടെത്തുവാൻ കഴിയാതെ വരുന്ന പഞ്ചായത്തുകൾക്ക് എംഎൽഎ മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക ചെലവഴിക്കുവാൻ സ.ഉ (സാധാ.)നം.4584/2020/ധനം,തീയതി-10/08/2020 പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ ജീവൻ മിഷന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഇതുവരെ പണം ഒന്നും തന്നെ ചെലവഴിച്ചിട്ടില്ല. എന്നാൽ ജൽ ജീവൻ മിഷന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട ജൽ ജീവൻ മിഷന്റെ മിഷൻ ഡയറക്ടർ കൂടിയായ കേരള വാട്ടർ അതോറിറ്റി എം.ഡി 20.02.2025 ൽ പഞ്ചായത്തിന് നൽകിയ കത്ത് പ്രകാരം ജൽ ജീവൻ മിഷന്റെ പഞ്ചായത്തിലെ പ്രവർത്തന ചെലവിന്റെ 15% പഞ്ചായത്ത് ഒടുക്കേണ്ടതുണ്ട്. നിലവിൽ ജൽ ജീവൻ മിഷൻ പദ്ധതി പ്രകാരം എല്ലാ വാർഡുകളിലും ഏകദേശം കണക്ഷനുകൾ നൽകിയിട്ടുണ്ടെന്നാണ് പഞ്ചായത്ത് അറിയിച്ചിട്ടുള്ളത്.
കുടിവെള്ള കണക്ഷൻ ലഭിക്കാത്ത ഏതെങ്കിലും കുടുംബങ്ങൾ ഉണ്ടോയെന്ന് പഞ്ചായത്ത് പരിശോധിച്ച് അപ്രകാരമുള്ള കുടുംബങ്ങൾ ഉണ്ടെങ്കിൽ ജൽ ജീവൻ മിഷൻ വഴി കുടിവെള്ളം ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-26 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് - പഞ്ചായത്ത് യാത്രാസൗകര്യം ഏർപ്പെടുത്തിയിട്ടും യാത്രാബത്ത നൽകി

1) പ്രോജക്റ്റിന്റെ പേര് - ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്.

പ്രോജക്ട് നം - S0052/25

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

ചെലവ് വിവരം

വികസന ഫണ്ട് ജനറൽ – 1473600/-

ബിൽ നം – 238/11.12.25 – 900000/-, ബിൽ നം – 470/11.3.25 – 573600

ജില്ലാപഞ്ചായത്ത് വിഹിതം - 600000/- (ബിൽ നം – 232/11.12.24)

ബ്ലോക്ക് പഞ്ചായത്ത് വിഹിതം 200000/- (ബിൽ നം. 289/27.1.25)

ആകെ ചെലവ് തുക – 2273600/-

2024-25 വർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് എന്ന പ്രോജക്ട് പ്രകാരം സ്കൂളുകളിൽ പഠിക്കുന്ന മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് പദ്ധതി മാർഗ്ഗരേഖ പ്രകാരം അനുവദിക്കാവുന്ന 28500/- രൂപയിൽ 12000/- രൂപ യാത്രാബത്തയാണ്. ആര്യാട് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ബഡ്സ് സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് പഞ്ചായത്ത് യാത്രാസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇവർക്ക് യാത്രാബത്തയിനത്തിലുള്ള തുക ഉൾപ്പെടെ സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. പഞ്ചായത്ത് വാടകയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള വാഹനത്തിൽ സ്കൂളിൽ പോകുന്ന കുട്ടികൾക്ക് യാത്രാബത്ത അനുവദിക്കുന്നതു

സംബന്ധിച്ച് സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ആയത് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 28/27.6.25) ഇത്തരത്തിൽ ഉത്തരവുകളൊന്നും നിലവിലില്ലായെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. പഞ്ചായത്ത് ഒരുക്കിയിട്ടുള്ള വാഹന സൗകര്യം ഉപയോഗിക്കുന്ന കുട്ടികളെ യാത്രാബത്ത നൽകുന്നതിൽ നിന്നും തുടർന്നുള്ള വർഷങ്ങളിൽ ഒഴിവാക്കേണ്ടതാണ്.

## 1–27 പട്ടിക വർഗ്ഗ കുടുംബങ്ങളിലെ വനിതകൾക്ക് സ്വയംതൊഴിൽ –പ്രോജക്ട് നടത്തിപ്പിൽ സുതാര്യതയില്ല

പ്രോജക്ടിന്റെ പേര് - എസ്.ടി വനിതകൾക്ക് സ്വയംതൊഴിൽ സംരംഭം

പ്രോജക്ട് നം - S0147/25

അടങ്കൽ തുക – 24765/- (വികസന ഫണ്ട് – ടി.എസ്.പി)

ചെലവ് തുക – 24765/- (UTR No- RB13562403198072/9.5.2024)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പട്ടിക വർഗ്ഗ കുടുംബങ്ങളിലെ വനിതകൾക്ക് സ്വയംതൊഴിലിലൂടെ സ്ഥിര വരുമാനം കണ്ടെത്തുന്നതിനായി ആവിഷ്കരിച്ച് നടപ്പാക്കിയ പ്രോജക്ട്. ആയത് പ്രകാരം സ്വയം തൊഴിൽ സംരംഭത്തിനായി വാങ്ങുന്ന സാധന സാമഗ്രികളുടെ 75% സബ്സിഡിയായി അനുവദിക്കാവുന്നതാണ്. ഊരുക്കൂട്ടം ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ശ്രീമതി ലളിത എം, ശ്രീമതി സുനിമോൾ എസ്, ശ്രീമതി രമ്യ എന്നിവർക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ, ചുരിദാർ പീസ്, നൈറ്റി മുതലായവ വാങ്ങിയതുമായി ബന്ധപ്പെട്ട രവീന്ദ്ര ടെക്സ്റ്റയിൽസ് കോമളപുരം എന്ന സ്ഥാപനത്തിൽ നിന്നും വസ്തുങ്ങൾ വാങ്ങിയതിനെ സാധൂകരിക്കുന്ന 11505 രൂപയുടെ ടാക്സ് ഇൻവോയ്സ് ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിലാണ് ഇവർക്ക് 8255 രൂപ വീതം സബ്സിഡി നൽകിയത്. രേഖകൾ പരിശോധിച്ചതിൽ, മൂന്ന് ഗുണഭോക്താക്കളും ഹാജരാക്കിയിട്ടുള്ളത് ഒരേ നമ്പരും തീയതിയും രേഖപ്പെടുത്തിയ ഇൻവോയ്സാണ്. ഓരോരുത്തരും ഹാജരാക്കിയ ഇൻവോയ്സിൽ അവരവരുടെ പേര് ചേർത്തിട്ടുണ്ടെങ്കിലും ഇൻവോയ്സ് നമ്പരും തീയതിയും (നം. RTR-11760/27.3.2024) ഒന്നുതന്നെയാണ്.

ഒരേ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ മൂന്ന് പേർക്കും സബ്സിഡി അനുവദിച്ചതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/26.6.25) സാധനങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ട് മൂന്ന് പേരുടേയും പേരിലുള്ള ടാക്സ് ഇൻവോയ്സ് ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി നൽകിയതെന്നും എന്നാൽ ഇൻവോയ്സിന്റെ നമ്പരും തീയതിയും ശ്രദ്ധയിൽപ്പെട്ടില്ലെന്നും പദ്ധതിയുടെ ഗുണഭോക്താക്കളായ ഇവർ നിലവിലും വസ്ത്രവ്യാപാരം നടത്തി ജീവിക്കുന്നവരാണെന്ന് ഉത്തമബോധ്യമുണ്ടെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചത്.

ഇൻവോയ്സ് നം. RTR-11760/27.3.2024 പ്രകാരം 11505/- രൂപയുടെ വസ്തുങ്ങൾ മാത്രമാണ് രവീന്ദ്ര ടെക്സ്റ്റയിൽസ് കോമളപുരം എന്ന സ്ഥാപനം ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളത്. ബില്ലിൽ കൃത്രിമം നടത്തി മൂന്ന് പേരുടെ പേരിൽ ഒരേ ഇൻവോയ്സ് നൽകുകയാണ് ഉണ്ടായിട്ടുള്ളത്. വർഷാവസാനം ടി.എസ്.പി ഫണ്ട് പൂർണ്ണമായി ചെലവഴിക്കുവാനുള്ള തിരക്കിൽ ഗുണഭോക്താക്കൾ ഹാജരാക്കിയ ഇൻവോയ്സ് പരിശോധിച്ച് പോരായ്മ കണ്ടെത്തുവാൻ നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് കഴിഞ്ഞില്ല. ആയതിനാൽ ഇൻവോയ്സ് നം.RTR-11760/27.3.2024 പ്രകാരമുള്ള 11505/- രൂപയുടെ 75% സബ്സിഡി യായ 8255/- രൂപയുടെ ചെലവ് മാത്രമേ ഓഡിറ്റിൽ അംഗീകരിക്കുന്നുള്ളൂ. ശേഷിക്കുന്ന 16510/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. ടി തുക ചെലവിന് ഉത്തരവാദിയായ അസിസ്റ്റന്റ് സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1–28 മെൻസ്ട്രുവൽ കപ്പ് വിതരണം– വിതരണ രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ടിന്റെ പേര് - മെൻസ്ട്രുവൽ കപ്പ് വിതരണം

പ്രോജക്ട് നം - S0060/25

ചെലവ് തുക - 499956/- വികസന ഫണ്ട് (ജനറൽ)
UTR N0- RBI3542401740924 / 18.12.24

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി

മേൽ പ്രോജക്ട് പ്രകാരം നീതി സ്റ്റോർ, ആലപ്പുഴയിൽ നിന്നും ഒന്നിന് ₹289.83 നിരക്കിൽ 1725 എണ്ണം മെൻസ്റ്റുവൽ കപ്പുകൾ 4,99,956 രൂപ ചെലവഴിച്ച് വാങ്ങിയിട്ടുണ്ട്. ഇവ ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 21/27.6.25) നൽകിയതിനെ തുടർന്ന് ലഭ്യമാക്കിയ വിതരണ രേഖകൾ പരിശോധിച്ചതിൽ, ഓരോ വാർഡിന്റേയും ചുമതലയുള്ള ജെ.എച്ച്.ഐ/ജെ.പി.എച്ച്.എൻ എന്നിവർ കൈപ്പറ്റിയ മെൻസ്റ്റുവൽ കപ്പുകൾ ഭാഗികമായി മാത്രമാണ് വിതരണം നടത്തിയതായി കാണുന്നത്. 12/2024 ൽ ലഭിച്ച മെൻസ്റ്റുവൽ കപ്പുകൾ നാളിതുവരെ പൂർണ്ണമായി വിതരണം നടത്തുവാനുള്ള നടപടി സ്വീകരിക്കാതിരുന്നത് ഗൗരവമായി കാണേണ്ടതാണ്. ഇവ എത്രയും വേഗം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത് സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയ വിതരണ രേഖ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. വിതരണ രേഖകളുടെ അഭാവത്തിൽ 499956 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-29 വാട്ടർ അതോറിറ്റി മുഖേന ആർ.ഒ പ്ലാന്റ് നിർമ്മാണം, അറ്റകുറ്റപ്പണി – പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല**

1) പ്രോജക്ടിന്റെ പേര് - ആർ.ഒ പ്ലാന്റ് നിർമ്മാണം വാർഡ് 4, 10

പ്രോജക്ട് നം - S0265/25

ചെലവ് തുക – 585000/- (സി.എഫ്.സി ഗ്രാന്റ്)
വൗച്ചർ നം. XVFC/2024-25/P/92 Dt 31.3.2025

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ 10-ാം വാർഡിൽ തിരുവിളക്കിന് സമീപവും 4-ാം വാർഡിൽ മാതൃകാ അങ്കണവാടിയ്ക്ക് സമീപവും ആർ.ഒ പ്ലാന്റ് സ്ഥാപിക്കുന്നതിന് വാട്ടർ അതോറിറ്റിയിൽ നിന്നും 585000/- രൂപയുടെ എസ്റ്റിമേറ്റ് ലഭിച്ചതിനെ തുടർന്ന്, തുക 26.3.25 ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച് ഡിവിഷൻ, ആലപ്പുഴയുടെ അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടുണ്ട്. വാട്ടർ അതോറിറ്റി ഗ്രാമപഞ്ചായത്തുമായി ഏർപ്പെട്ട കരാർ (നം. 04/2025-26/13.6.25) പ്രകാരം തുക കൈമാറി 6 മാസത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 03/2025 ൽ മുഴുവൻ തുകയും കൈമാറിയെങ്കിലും 06/2025 ൽ മാത്രമാണ് സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളത്.
പദ്ധതി നിലവിലും ആരംഭിച്ചിട്ടില്ലെന്നാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 16/26.6.25) സെക്രട്ടറി മറുപടി നൽകിയത്. പദ്ധതിപ്രവർത്തനം എത്രയുംവേഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും പൂർത്തീകരണ, വിനിയോഗ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. പദ്ധതി നിലവിലും ആരംഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ വാട്ടർ അതോറിറ്റിയ്ക്ക് കൈമാറിയ 585000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2) പ്രോജക്ടിന്റെ പേര് - ആർ.ഒ പ്ലാന്റ് നവീകരണം.

പ്രോജക്ട് നം - S0106/25

ചെലവ് തുക – 162000/- ( സി.എഫ്.സി ഗ്രാന്റ് )
ബിൽ നം. XVFC/2024-25/P/14 Dt 5.12.2024

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ കോമളപുരം ആയുർവ്വേദ ആശുപത്രിയ്ക്ക് സമീപമുള്ള ആർ.ഒ പ്ലാന്റ് നവീകരിക്കുന്നതിന് വാട്ടർ അതോറിറ്റിയിൽ നിന്നും 162000/- രൂപയുടെ എസ്റ്റിമേറ്റ് ലഭിച്ചതിനെ തുടർന്ന് ടി തുക 29.11.2024 ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച് ഡിവിഷന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടുണ്ട്. വാട്ടർ അതോറിറ്റി ഗ്രാമപഞ്ചായത്തുമായി ഏർപ്പെട്ട കരാർ (നം. 15/2024-25/16.1.25) പ്രകാരം തുക കൈമാറി 6 മാസത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ആർ.ഒ പ്ലാന്റ് നവീകരണമെന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടെന്നും പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ

സാക്ഷ്യപത്രം ഹാജരാക്കുന്നതാണ് എന്നുമാണ് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 16/26.6.25) സെക്രട്ടറി മറുപടി നൽകിയത്. പദ്ധതിയുടെ പൂർത്തീകരണ, വിനിയോഗ രേഖകളുടെ അഭാവത്തിൽ 162000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-30 കെ.എസ്.ഇ.ബി മുഖേനയുള്ള നിക്ഷേപ പ്രവൃത്തികൾ – വിനിയോഗ വിവരം ലഭ്യമാക്കിയില്ല**

1) പ്രോജക്ടിന്റെ പേര് - സ്ട്രീറ്റ് ലൈൻ നീട്ടൽ

പ്രോജക്ട് നം - S0026/25

ചെലവ് വിവരം

സി.എഫ്.സി ഗ്രാന്റ് - 500000/-

വൗച്ചർ നം. XVFC/2024-25/P/7 Dt 29.8.24 – 139911

വൗച്ചർ നം. XVFC/2024-25/P/15 Dt 29.8.24 – 360089

ജില്ലാ പഞ്ചായത്ത് വിഹിതം – 645308/-
ബിൽ നം. RBI0852526268615/25.3.25

ആകെ ചെലവ് തുക – 1145308/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

മേൽ പ്രോജക്ട് പ്രകാരം പഞ്ചായത്തിലെ 10 മുതൽ 18 വരെയുള്ള വാർഡുകളിലെ സ്ട്രീറ്റ് ലൈൻ നീട്ടൽ പ്രവൃത്തികൾക്കായി താഴെചേർക്കും പ്രകാരമുള്ള എസ്റ്റിമേറ്റുകളുടെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.യ്ക്ക് തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | എസ്റ്റിമേറ്റിന്റെ പേര് | എസ്റ്റിമേറ്റ് പ്രകാരമുള്ള തുക | നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|
| 01 | 10, 11, 12 വാർഡുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | 550594 | 139911 | 410683/- രൂപ 2023-24 വർഷം നൽകി. |
| 02 | 13, 14, 15 വാർഡുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | 485013 | 485013 | - |
| 03 | 16, 17, 18 വാർഡുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | 566612 | 520384 | 46228 രൂപ കൂടി നൽകാനുണ്ട്. |
| | ആകെ | | 1145308 | |

മേൽ പ്രോജക്ടുകൾ പൂർത്തിയാക്കി ധനവിനിയോഗ രേഖകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/26.6.25) പദ്ധതികൾ നടന്നുവരുന്നുവെന്നും ആയത് പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണ് എന്നും മറുപടി നൽകി. പദ്ധതിയുടെ പൂർത്തീകരണ, ധനവിനിയോഗ സാക്ഷ്യപത്രങ്ങളുടെ അഭാവത്തിൽ 1145308/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2) പ്രോജക്ടിന്റെ പേര് - ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ്

പ്രോജക്ട് നം - S0252/25

സി.എഫ്.സി ഗ്രാന്റ് - 143285/- (ബിൽ നം. XVFC/2024-25/P/52 Dt 29.3.25)
ജില്ലാ പഞ്ചായത്ത് വിഹിതം 81934/- (ബിൽ നം. RBI0852526268632 / 26.3.25)

ആകെ ചെലവ് തുക – 225219/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ഗ്രാമപഞ്ചായത്ത് 2024-25 വർഷം വിവിധ വാർഡുകളിലെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനായി വൈദ്യുതി ബോർഡിൽ 225219 രൂപ നിക്ഷേപിച്ചിട്ടുണ്ട്. പ്രോജക്ട് പൂർത്തീകരിച്ച് ധനവിനിയോഗ രേഖകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/26.6.25), പോസ്റ്റ് മാറ്റിവെയ്ക്കൽ പദ്ധതി നിലവിൽ പൂർത്തീകരിച്ചിട്ടുണ്ടെന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ടെന്നുമാണ് സെക്രട്ടറി മറുപടി നൽകിയത്. പദ്ധതിയുടെ പൂർത്തീകരണ, ധനവിനിയോഗ

സാക്ഷ്യപത്രങ്ങളുടെ അഭാവത്തിൽ 225219/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1–31 ആരോഗ്യ ഉപകേന്ദ്രം കെട്ടിട നിർമ്മാണത്തിനായി അനുവദിച്ച തുക സമയബന്ധിതമായി ചെലവഴിച്ചില്ല**

പ്രോജക്ടിന്റെ പേര് - ചെമ്പന്തറ ആരോഗ്യ ഉപകേന്ദ്രം കെട്ടിട നിർമ്മാണത്തിനായി തുക നൽകൽ

പ്രോജക്ട് നം - S0299/25

അടങ്കൽ തുക – 2775000/-

ചെലവ് തുക – 2775000/- (ഹെൽത്ത് ഗ്രാന്റ്)

യു.ടി.ആർ നം. – PFMGQ2763250457972950/26.3.25

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 9.8.2023 ലെ സർക്കാർ ഉത്തരവ് നം. 1625/2023/എൽ.എസ്.ജി.ഡി പ്രകാരം കെട്ടിടമില്ലാത്ത ആരോഗ്യ സ്ഥാപനങ്ങൾക്ക് കെട്ടിട നിർമ്മാണത്തിന് ഹെൽത്ത് ഗ്രാന്റ് സ്കീം 1-ൽ ഉൾപ്പെടുത്തി തുക അനുവദിക്കുന്നതിന്റെ ഭാഗമായി ചെമ്പന്തറ ആരോഗ്യ ഉപകേന്ദ്രം കെട്ടിട നിർമ്മാണത്തിനായി 2022-23 സാമ്പത്തിക വർഷം 2275000 രൂപ അനുവദിച്ചിരുന്നു. നാളിതുവരെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി കെട്ടിട നിർമ്മാണം ആരംഭിക്കാത്ത തദ്ദേശ സ്ഥാപനങ്ങളിലെ സബ് സെന്റർ നിർമ്മാണം നാഷണൽ ഹെൽത്ത് മിഷൻ മുഖേന ഏറ്റെടുത്ത് നടപ്പാക്കുന്നതിനായി 31.1.25 ലെ സർക്കാർ ഉത്തരവ് നം. 295/2025/എൽ.എസ്.ജി.ഡി പ്രകാരം ആര്യാട് ഗ്രാമപഞ്ചായത്തിന് അനുവദിച്ച് നൽകിയ തുക എൻ.എച്ച്.എം അക്കൗണ്ടിലേയ്ക്ക് തിരിച്ചടക്കുവാൻ തദ്ദേശ സ്വയംഭരണ വകുപ്പ് ഉത്തരവിറക്കിയതിന്റെ അടിസ്ഥാനത്തിൽ മേൽ പ്രോജക്ട് പ്രകാരം 25.3.25 ൽ 2775000/- എൻ.എച്ച്.എം ജില്ലാ പ്രോഗ്രാം മാനേജരുടെ അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ സബ് സെന്റർ നിർമ്മാണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് നാഷണൽ ഹെൽത്ത് മിഷനുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

ഭൂമി സംബന്ധമായ വിഷയങ്ങൾ മൂലമാണ് ചെമ്പന്തറ ആരോഗ്യ ഉപകേന്ദ്ര കെട്ടിട നിർമ്മാണം എന്ന പ്രോജക്ടിന് സമയബന്ധിതമായി ടെണ്ടർ നടപടി പൂർത്തിയാക്കി നിർമ്മാണം ആരംഭിക്കുവാൻ കഴിയാതിരുന്നതെന്നും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലാത്തതിനാൽ ഗ്രാമപഞ്ചായത്ത് നാഷണൽ ഹെൽത്ത് മിഷനുമായി കരാറിൽ ഏർപ്പെട്ടിട്ടില്ലെന്നുമാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 17/26.6.25) സെക്രട്ടറി മറുപടി നൽകിയത്.

ഗ്രാമപഞ്ചായത്ത് നാഷണൽ ഹെൽത്ത് മിഷനുമായി കരാറിൽ ഏർപ്പെട്ട് എത്രയുംവേഗം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും സബ് സെന്റർ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതുമാണ്. പദ്ധതി പൂർത്തിയാക്കി എൻ.എച്ച്.എം-ൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതുവരെ 2775000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1–32 ഏസ് എസ് എ വിഹിതം നൽകൽ –വിനിയോഗ രേഖകൾ ലഭ്യമാക്കിയില്ല**

പ്രോജക്ടിന്റെ പേര് – എസ് എസ് എ വിഹിതം നൽകൽ

പ്രോജക്ടിന്റെ നമ്പർ – S0030/25

ചെലവ് തുക – 400000/- ബിൽ നം. RBI0072543730715 / 28.12.2024

നിർവ്വഹണ ഉദ്യോഗസ്ഥ – ഹെഡ്മിസ്ട്രസ്, വി.വി.എസ്.ഡി എൽ.പി സ്കൂൾ

സർവ്വ ശിക്ഷാ അഭിയാൻ (കേരളം) എന്ന പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ എൽ.പി, യു.പി സ്കൂളുകളിൽ നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് വിഹിതം നൽകുന്നതിനായി ആവിഷ്കരിച്ച മേൽ പ്രോജക്ട് പ്രകാരം വികസന ഫണ്ടിൽ നിന്നും 4 ലക്ഷം രൂപ പിൻവലിച്ച് എസ് എസ് എ ബ്ലോക്ക് പ്രോജക്ട് കോ-ഓർഡിനേറ്ററുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ തുകയുടെ കൈപ്പറ്റ്, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയില്ല. ആയത് ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.23/27.06.25) മറുപടി ലഭ്യമാക്കിയില്ല. മേൽ രേഖകളുടെ അഭാവത്തിൽ 400000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1–33 ഹെൽത്ത് ഗ്രാന്റ് – വിനിയോഗവും ഫലപ്രാപ്തിയും**

സംസ്ഥാനങ്ങളിലെ ആരോഗ്യ മേഖലയിലേക്ക് നൽകുന്ന പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷൻ അവാർഡ് തുകയുടെ വിനിയോഗം സംബന്ധിച്ച മാർഗരേഖ കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021 ലെ 15 (2) FC-XV/FCD/2020-25 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമീണ മേഖലയിലേക്ക് പ്രധാനമായും 4 സ്കീമുകളിലായിട്ടാണ് അവാർഡ് തുക വിഭജനം നടത്തിയിട്ടുള്ളത്. ഹെൽത്ത് ഗ്രാന്റ് 2021-22 വർഷം മുതൽ 2025-26 വർഷം വരെയാണ് അനുവദിക്കുന്നത്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത ഹെൽത്ത് ഗ്രാന്റ് ഗ്രാമ പഞ്ചായത്തിൽ ലഭിച്ചതിന്റെയും ഇത് ഉപയോഗിച്ച് നടപ്പിലാക്കിയ വിവിധ പ്രോജക്ടുകളുടേയും വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**എ) ഗ്രാമപഞ്ചായത്തിന് ഹെൽത്ത് ഗ്രാന്റിനത്തിൽ ലഭിച്ചതും വിനിയോഗിച്ചതുമായ തുകയുടെ വിവരം**

| ഗ്രാന്റ് ഇനം | വർഷം | ലഭിച്ച തുക | വിനിയോഗിച്ച തുക |
|---|---|---|---|
| സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു പ്രൈമറി ഹെൽത്ത് സെന്റർ & സബ് സെന്റർ | 2021-22 | 264733 | 264690 |
| | 2022-23 | 1045000 | 564036 |
| | 2023-24 | 436000 | - |
| | 2024-25 | - | - |
| കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി.& സബ്സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ | 2021-22 | 135000 | 134296 |
| | 2022-23 | 430000 | 387026 |
| | 2023-24 | 684000 | - |
| | 2024-25 | - | - |
| ബിൽഡിംഗ് ലെസ് സബ് സെന്റേഴ്സ്, പി.എച്ച്.സി, സി.എച്ച്.സി | 2022-23 | 5555000 | 2775000 |
| ആകെ | | 8549733 | 4125048 |

**ബി) ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരം**

| വർഷം | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 2022-23 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (പ്രോജക്ട് നം-S0199/23) | ₹264733 | ₹223002 |
| 2022-23 | പി.എച്ച്.സികളിലെയും സബ്സെന്ററുകളിലേയും ഹെൽത്ത് ആന്റ് വെൽനെസ് പ്രവർത്തനങ്ങൾ (പ്രോജക്ട് നം-S0200/23) | ₹135000 | ₹127711 |
| 2023-24 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (പ്രോജക്ട് നം-S0194/24) | ₹41731/- | 41688 |
| 2023-24 | പി.എച്ച്.സികളിലെയും സബ്സെന്ററുകളിലേയും ഹെൽത്ത് ആന്റ് വെൽനെസ് പ്രവർത്തനങ്ങൾ (പ്രോജക്ട് നം-S0193/24) | ₹7289 | ₹6585/- |
| 2024-25 | കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (പ്രോജക്ട് നം-S0254/25) | ₹936436/- | ₹573641/- |
| 2024-25 | കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനെസ് പ്രവർത്തനങ്ങൾ (പ്രോജക്ട് നം-S0253/25) | 420395/- | ₹377421/- |
| 2024-25 | സൗത്ത് ആര്യാട് ഉപകേന്ദ്രം ഹെൽത്ത് ആന്റ് വെൽനെസ് സെന്ററായി ഉയർത്തൽ (പ്രോജക്ട് നം. S0263/25) | 2775000 | 2775000 |
| 2024-25 | ചെമ്പകത്തറ ആരോഗ്യ ഉപകേന്ദ്രം നിർമ്മാണത്തിനായി എൻ.എച്ച്.എം-ന് തുക കൈമാറൽ (പ്രോജക്ട് നം. S0299/25) | 2775000 | - |

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് സൗത്ത് ആര്യാട് ഉപകേന്ദ്രം ഹെൽത്ത് ആന്റ് വെൽനെസ് സെന്ററായി ഉയർത്തുന്ന പ്രവർത്തനം നടന്നുവരുന്നതായും ചെമ്പന്തറ ആരോഗ്യ ഉപകേന്ദ്രം നിർമ്മാണത്തിനായി ലഭിച്ച തുക എൻ.എച്ച്.എം-ന് കൈമാറിയിട്ടുണ്ടെന്നും ഹെൽത്ത് ഗ്രാന്റിനത്തിൽ നാളിതുവരെ ആകെ ലഭ്യമായ 8544733/- രൂപയിൽ 4125048/- രൂപ ചെലവഴിച്ചതായും ബാലൻസ് നിൽക്കുന്ന തുക ഉപയോഗിച്ച് മറ്റ് പദ്ധതികൾ നടപ്പിലാക്കി വരുന്നതായും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ആകെ വരവിന്റെ 48.27% മാത്രമാണ് ചെലവ് വന്നിട്ടുള്ളത്. ഇതിനെ സംബന്ധിച്ചുള്ള ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ പദ്ധതിയുടെ ഫലപ്രാപ്തി സംബന്ധമായ വിശദമായ പരിശോധനകളൊന്നും സാധ്യമായിട്ടില്ല.

**പദ്ധതിയുടെ ഭാവി പ്രവർത്തനങ്ങൾ**

ഗ്രാമപഞ്ചായത്തിലെ ആരോഗ്യമേഖല അഭിമുഖീകരിക്കുന്ന പല പ്രശ്നങ്ങളും ഇനിയും പൂർണ്ണമായി പരിഹരിക്കപ്പെട്ടിട്ടില്ലെങ്കിലും പദ്ധതിയുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങളെ അവലോകനം ചെയ്ത് വന്നിട്ടുള്ള പോരായ്മകൾ പരിഹരിച്ച് ഹെൽത്ത് ഗ്രാന്റ് വിനിയോഗത്തിലൂടെ ആരോഗ്യസ്ഥാപനങ്ങളുടെ കാര്യക്ഷമത ഉയർത്തുവാനും മികച്ച സേവനനിലവാരം ഉറപ്പാക്കുന്നതിനും സാധിച്ചിട്ടുള്ളതായി ഗ്രാമപഞ്ചായത്ത് അറിയിച്ചു. പദ്ധതിയുടെ ഭാഗമായി ലഭിക്കുന്ന തുക വിനിയോഗിച്ച് പരമാവധി ഗുണഭോക്താക്കൾക്ക് ആരോഗ്യപരിരക്ഷയും മികച്ച സേവനവും ഉറപ്പുവരുത്തുന്നതിന് മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ ഉറപ്പുവരുത്തേണ്ടതാവശ്യമാണ്. ഇത് ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം –2

## വരവ്–വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2–1 വസ്തുനികുതി കുറഞ്ഞ നിരക്കിൽ ഈടാക്കി– വരുമാന നഷ്ടം

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) ൽ ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്നതനുസരിച്ച് വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. അതായത് വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ച് നികുതി നിർണ്ണയിക്കുന്നതിനു പകരം അവയെ ഒന്നായി കണ്ട് നികുതി കണക്കാക്കേണ്ടതാണ്. കെട്ടിടത്തെ ഒന്നായി കണ്ട് ആനുപാതികമായ ഉയർന്ന നിരക്കിൽ നികുതി നിശ്ചയിക്കുന്നതിനു പകരം കെട്ടിടത്തെ ഒന്നിലധികം മുറികളായി കണക്കാക്കി കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിക്കുകയാണ് ചെയ്തത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിലെ 16-ാം വാർഡിൽ, മിനി ബിജു, ഐശ്വര്യം, പാതിരപ്പള്ളി പി ഒ, എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 215.24 ച.മീ. വിസ്തീർണ്ണമുള്ള (കെട്ടിട നം: 16/42-ഡി മുതൽ 16/42-ജി വരെ) കെട്ടിടത്തെ വാണിജ്യാവശ്യത്തിനുള്ള- 100 ച:മീറ്ററിനു മുകളിൽ 500 ച:മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഈടാക്കേണ്ട ച:മീറ്ററിന് ₹84/- നിരക്കിൽ വസ്തുനികുതി കണക്കാക്കുന്നതിന് പകരം ടി കെട്ടിടത്തെ 16/42-ഡി മുതൽ 16/42-ജി വരെയുള്ള 4 വ്യത്യസ്ത കെട്ടിട ഭാഗങ്ങളായി (കടമുറികളായി) കണകാക്കി 100 ച.മീ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടത്തിന്റെ ച:മീറ്ററിന് ₹60/- എന്ന കുറഞ്ഞ നിരക്കിൽ വസ്തുനികുതി കണക്കാക്കി. വിശദ വിവരം ചുവടെ ചേർക്കുന്നു.

| **നിർണ്ണയിക്കേണ്ട വസ്തുനികുതി**<br>അടിസ്ഥാന നികുതി + വഴി സൌകര്യം (20%)<br>**(നികുതി നിരക്ക്: ₹84/ച.മീ.)**<br>(2024 ൽ അഞ്ച് ശതമാനം വർദ്ധനവ് ഉൾപ്പെടുത്തിയ നിരക്ക്) | | **സഞ്ചയ പ്രകാരം നിർണ്ണയിച്ച വസ്തുനികുതി**<br>അടിസ്ഥാന നികുതി + വഴി സൌകര്യം (20%)<br>**(നികുതി നിരക്ക്: ₹60/ച.മീ.)** |
|---|---|---|
| താഴത്തെ നില (16/42-D, 16/42-G) | അടിസ്ഥാന നികുതി<br>156.69x84= 13162<br>വഴിസൌകര്യം<br>(വർദ്ധനവ്-20%) = 2632/-<br>ആകെ = 13162+2632<br>= 15,794/- | 1) 16/42-D =7018<br>2) 16/42-G = 4265<br>ആകെ = 11,283/- |
| ഒന്നാം നില | അടിസ്ഥാന നികുതി<br>58.55 X 84 = 4918/- | അടിസ്ഥാന നികുതി+വഴി സൌകര്യം 20% -മേൽക്കൂര 10 % |

| | | |
|---|---|---|
| (16/42-E, 16/42-F) | ബഹുനില വാണിജ്യാവശ്യ ഇളവ്(5%) = 246<br>വഴി സൌകര്യം (വർദ്ധനവ് 20%)-984<br>മേൽക്കൂര-10% ഇളവ് - 492<br>ആകെ -<br>4918-246+984 - 492 = 5,164/- | 3) 16/42-E- = 2153<br>4) 16/42-F- = 1520<br>ആകെ = 3,673/- |
| ആകെ | 15794+ 5164 = 20,958/- | 11,283+3673=14,956/- |
| **നികുതിനിർണ്ണയത്തിൽ ഉണ്ടായ കുറവ്** | | **20,958-14,956 = ₹ 6,002/-** |

മേൽ സൂചിപ്പിച്ച 4 കെട്ടിടങ്ങളേയും ഒറ്റ കെട്ടിടമായി പരിഗണിക്കാതെ വ്യത്യസ്ത കെട്ടിടങ്ങളായി പരിഗണിച്ച് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതിനാൽ വസ്തുനികുതിയിനത്തിൽ പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ ₹ 6,002/-യുടെ നഷ്ടം ഉണ്ടായി. മേൽ സൂചിപ്പിച്ച കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് 2024-25 ലെ കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.04/തീയതി 23/06/2025) മറുപടി ലഭ്യമാക്കി. കെട്ടിട ഉടമയിൽ നിന്നും അധികമായി ഈടാക്കേണ്ട ₹6,002/- പഞ്ചായത്തിൽ അടവാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-2 തറനിർമ്മിതിക്കനുസൃതമായി അടിസ്ഥാന വസ്തുനികുതിയിൽ വർദ്ധനവ് ഉൾപ്പെടുത്തുന്നില്ല- നികുതി നഷ്ടം

2011 ലെ കേരള പഞ്ചായത്ത് രാജ് നിയമം (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 6 അനുസരിച്ച് വിലയേറിയ സാധന സാമഗ്രികൾ കൊണ്ട് നിർമ്മിച്ച തറനിർമ്മിതിയുള്ളതും 250 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ളതുമായ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 15 ശതമാനം വർദ്ധനവ് വരുത്തേണ്ടതായിട്ടുണ്ട്. എന്നാൽ സാധാരണ തറയെന്ന നിലക്കാണ് കെട്ടിടങ്ങളെ സഞ്ചയയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മൊസൈക്ക്, തറയോട്, സിമന്റ്, മൺതറ എന്നിങ്ങനെയാണ് സാധാരണ തറയെ വിശദമാക്കിയിട്ടുള്ളത്. വലിയ കെട്ടിടങ്ങളുടെ തറനിർമ്മിതി മേൽത്തരം വസ്തുക്കളാലാണെന്നിരിക്കെ സാധാരണതറ എന്ന നിലക്ക് രേഖപ്പെടുത്തുക വഴി ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട വസ്തുനികുതിയിൽ കുറവ് വന്നിട്ടുണ്ട്. തറനിർമ്മിതിക്കനുസൃതമായി നികുതി വർദ്ധനവ് ചുമത്തപ്പെടാത്ത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നികുതി നിർണ്ണയിച്ചത് | ഉടമയുടെ പേര് | വിസ്തൃതി ച.മീ | വസ്തുനികുതി നിരക്ക് | ചുമത്തിയ അടിസ്ഥാന വസ്തുനികുതി | ഉയർന്ന തരം തറനിർമ്മിതിക്ക് ഈടാക്കേണ്ട വർദ്ധനവ് (15%) |
|---|---|---|---|---|---|---|
| 1 | 2/460 A | രാജേഷ് എൻ.എ, നികർത്തിൽ | 366.25 | 9.45/$m^2$ | 1,731 /- (2024- 2nd Half) | 260 |
| 2 | 6/4 B | മുരളി,ശ്രീ ശങ്കരം | 281.72 | 8.4/$m^2$ | 2,366/- | 355 |
| 3 | 7/ 125 B | പ്രൊവിൻഷ്യാൽ സുപ്പീരിയർ ദീപ | 354.24 | 9.45/$m^2$ | 3,348 | 502 |
| 4 | 13/139 C | ബിജുമോൻ, | 265.86 | 8.4/$m^2$ | 2,234 | 335 |

| | | | | | | |
|---|---|---|---|---|---|---|
| | | കട്ടത്തിപറമ്പിൽ | | | | |
| 5 | 14/198 A | ജോസ്ജോർജ്ജ്, കാരാച്ചിറ | 252.56 | 8.4/$m^2$ | 2,121 | 318 |
| 6 | 15/494 B | സാജൻ സദാനന്ദൻ കരിഷ്മ റെജ്ജുല | 479.74 | 9.45/$m^2$ | 4,534 | 680 |
| 7 | 15/484-C, 15/484-D, 15/484-E (വാണിജ്യാവശ്യം) | ജോഷിരാജ്.ആർ.ആർ | ആകെ (507.25) | 105/$m^2$ | 26,631/- (2024- $2^{nd}$ Half) | 3,995 |
| | | | | | ആകെ | ₹ 6,445 |

(സഞ്ചയ പ്രകാരം ക്രമ നം-1, ക്രമ നം-7 എന്നിവ 2024-25 വർഷം രണ്ടാം അർദ്ധവർഷം വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളാണ്)

ഉയർന്നതരം സാധന സാമഗ്രികൾ കൊണ്ട് തറനിർമ്മിതിയുള്ള 250 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ളതുമായ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 15 ശതമാനം വർദ്ധനവ് നൽകാത്തത് മൂലം വസ്തു നികുതിയിനത്തിൽ 2024-25 വർഷം ₹6,445/- യുടെ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള കെട്ടിടങ്ങളിൽ ഫീൽഡ് തല അന്വേഷണം നടത്തി ഉയർന്നതരം തറ നിർമ്മിതിയാണെന്ന് ബോധ്യപ്പെട്ടതായും, കെട്ടിട ഉടമകൾക്ക് ഡിമാൻഡ് നോട്ടീസ് നൽകിയിട്ടുള്ളതായും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/24.06.25) മറുപടി ലഭ്യമാക്കി. കെട്ടിട ഉടമകളിൽ നിന്നും ഉയർന്ന തരം തറ നിർമ്മിതികൾക്ക് അധികമായി ഈടാക്കേണ്ട തുക ഈടാക്കി ഫോം-6 സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-3 അനധികൃതമായി പ്രവർത്തിക്കുന്ന മൊബൈൽ ടവറുകൾക്ക് വസ്തുനികുതി ഈടാക്കിയില്ല-വരുമാന നഷ്ടം

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം നിർമ്മാണത്തിന് അപേക്ഷ സമർപ്പിക്കുകയും എന്നാൽ നിർമ്മാണം പൂർത്തീകരിച്ച് പൂർത്തീകരണ അറിയിപ്പ് സമർപ്പിക്കാത്തതും, ഒക്യുപ്പൻസി ലഭിച്ച് അസസ്സ് ചെയ്യപ്പെടാത്തതുമായ നിർമ്മിതികൾ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുന്ന പക്ഷം കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235AA(1) പ്രകാരം, നിയമാനുസൃതമായി നിർമ്മിതി അസസ്സ് ചെയ്യുന്നതുവരെ, നിയമാനുസൃതമായ നിർമ്മിതികൾക്ക് അസസ്സ് ചെയ്യുമ്പോൾ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക, വസ്തുനികുതിയായി ഈടാക്കുന്നതിന് പഞ്ചായത്തിന് അധികാരമുണ്ട്.

1) മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതിനായി ചുവടെ ചേർക്കുന്ന ടവർ നിർമ്മാതാക്കൾ ഗ്രാമപഞ്ചായത്തിനെ സമീപിക്കുകയും ഇന്റിമേഷൻ നൽകി ₹10,000/- വീതം അപേക്ഷാ ഫീസ് ഒടുക്കി ടവർ നിർമ്മാണത്തിന് അനുമതി നേടിയിട്ടുണ്ട്. ഇന്റിമേഷനുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം: | തീയതി | രസീത് നം. | ടവർ നിർമ്മാതാക്കൾ |
|---|---|---|---|
| 1 | 15.06.2022 | 1220101299 | Indus Tower |
| 2 | 14.11.2023 | 120800089 | Indus Tower |

മേൽ പട്ടികയിൽ സൂചിപ്പിച്ച മൊബൈൽ ടവറുകളിൽ ക്രമ നം.1 ലെയും, ക്രമ നം.2 ലെയും Indus Tower എന്ന ടവർ നിർമ്മാതാക്കൾ പൂർത്തീകരണ അറിയിപ്പ് പഞ്ചായത്തിൽ സമർപ്പിക്കാതെയും ഒക്യുപ്പൻസി ലഭ്യമാക്കാതെ അസസ്സ് ചെയ്യപ്പെടാതെയും 2024-25 ആദ്യ അർദ്ധവർഷം മുതൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതായി ഓഡിറ്റ് ടീമിന്റെ ആവശ്യപ്രകാരം (നം.08/26.06.25) ഗ്രാമപഞ്ചായത്ത് ഫീൽഡ് തല പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ടി മൊബൈൽ ടവറുകളുടെ വസ്തുനികുതി ഗ്രാമപഞ്ചായത്ത് നിർണ്ണയിച്ചീടാക്കുന്നില്ല. ഓഡിറ്റ് വിഭാഗം ചൂണ്ടി കാണിക്കുമ്പോൾ മാത്രമാണ് ഗ്രാമപഞ്ചായത്ത് വിവരങ്ങൾ അന്വേഷിക്കുന്നത്. പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗം സ്ഥല പരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ട് പ്രകാരം (ഓഡിറ്റ് അന്വേഷണം നം.08/26.06.25) സെക്രട്ടറി ലഭ്യമാക്കിയ ഫീൽഡ് തല പരിശോധനാ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ടവർ നിർമ്മാതാക്കളുടെ പേര് | തറ വിസ്തീർണ്ണം (ജനറേറ്റർ റൂം ഉൾപ്പടെ) | വാർഡ് നം./മേഖല/ വഴി സൌകര്യം |
|---|---|---|---|
| 1 | Indus Tower Limited | $10.24m^2$ | വാർഡ്-9/ദ്വിതീയം/5 മീറ്റർ |
| 2 | Indus Tower Limited | $13.72m^2$ | വാർഡ്-14/ദ്വിതീയം/ 5 മീറ്ററിൽ കുറവ് |

മേൽ പട്ടികയിലെ ക്രമ നം.1, ക്രമ നം.2, എന്നീ ടവറുകളുടെ വിഷയത്തിൽ യഥാസമയം ഫീൽഡ് പരിശോധന നടത്തി നടപടി സ്വീകരിക്കാത്തത് മൂലം 2024-25 വർഷം, പഞ്ചായത്തിന് വസ്തു നികുതിയിനത്തിൽ ₹ 43,860/-യുടെ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിയമാനുസൃത അസസ്സ്മെന്റിന് ബാധകമായ വസ്തുനികുതിയുടെ വിവരം

ക്രമ നം.1, മൊബൈൽ ടവറിന്റെ തറവിസ്തീർണ്ണം - 10.24 ച.മീറ്റർ

ക്രമ നം.2, മൊബൈൽ ടവറിന്റെ തറവിസ്തീർണ്ണം - 13.72 ച.മീറ്റർ

(പഞ്ചായത്ത് ഭരണ സമിതിയുടെ 06/07/2023 തീയതിയിലെ 3(1)-ാം നമ്പർ തീരുമാന പ്രകാരം മൊബൈൽ ടവറുകൾക്ക് ബാധകമായ വസ്തുനികുതി നിരക്ക് - 600 രൂപ/ച.മീ, 2024 ൽ അഞ്ച് ശതമാനം വർദ്ധനവ് ഉൾപ്പെടുത്തിയ നിരക്ക്- ₹630/ച.മീ)

| | നികുതി നിർണ്ണയിക്കേണ്ടത് | |
|---|---|---|
| | ക്രമ നം.1 Indus Tower | ക്രമ നം.2 Indus Tower |
| അടിസ്ഥാന വസ്തുനികുതി | $10.24^{m2}$ @630 = 6,451/- | $13.27^{m2}$ @630 = 8,360/- |
| മേഖല – ദ്വിതീയം 10% ഇളവ് | (-) 645 | (-) 836 |
| വഴി സൌകര്യം | (+) 1290 (വർദ്ധനവ്-20%) | വർദ്ധനവ് / ഇളവ് ഇല്ല |
| അടിസ്ഥാന നികുതി | 7096/- | 7524/- |

ടവറുകൾ പഞ്ചായത്തിൽ പൂർത്തീകരണ അറിയിപ്പ് നൽകാതെ അനധികൃതമായി പ്രവർത്തനം തുടങ്ങിയതിനാൽ ബാധകമായ വസ്തുനികുതി (സെക്ഷൻ 235AA ) =

ക്രമ നം.1, ഇൻഡസ് ടവർ - 7096 ×3= 21,288/- രൂപ

ക്രമ നം.2, ഇൻഡസ് ടവർ - 7524 ×3= 22,572/- രൂപ

പഞ്ചായത്തിന് ഉണ്ടായ ആകെ നഷ്ടം

= 21,288 + 22,572 = 43,860/-

ടവറുകൾ നിർമ്മാണത്തിന് ഇന്റിമേഷൻ നൽകിയതിന് ശേഷം, യഥാസമയം ഫീൽഡ് പരിശോധന നടത്തി ടവറുകളുടെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിൽ, പഞ്ചായത്തിന് വീഴ്ച്ച സംഭവിച്ചു. ഇത് മൂലം 2024-25 വർഷം പഞ്ചായത്തിന് ₹43,860/- യുടെ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. ടവർ നിർമ്മാതാക്കളിൽ നിന്നും കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235AA(1) പ്രകാരം വസ്തുനികുതി ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് ടവറുകളുടെ വസ്തുനികുതി ഈടാക്കാത്തതിൽ വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:24/27-06-25) മറുപടി ലഭ്യമാക്കി. പൂർത്തീകരണ അറിയിപ്പ് പഞ്ചായത്തിൽ ഹാജരാക്കാതെ പ്രവർത്തനം തുടങ്ങിയ ടവർ നിർമ്മാതാക്കളിൽ നിന്നും സെക്ഷൻ 235AA(1) പ്രകാരം വസ്തുനികുതി ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പഞ്ചായത്തിൽ ഫീൽഡ് പരിശോധന ഊർജ്ജിതമാക്കി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമാനുസൃതമായ നടപടി സ്വീകരിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം –3

## ചെലവ്–വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3–1 പട്ടിക വർഗ്ഗ കുടുംബങ്ങളിലെ വനിതകൾക്ക് സ്വയംതൊഴിൽ –ക്രമവിരുദ്ധമായ ചെലവ് നിരാകരിക്കുന്നു

പ്രോജക്ടിന്റെ പേര് - എസ്.ടി വനിതകൾക്ക് സ്വയംതൊഴിൽ സംരംഭം

പ്രോജക്ട് നം - S0147/25

അടങ്കൽ തുക – 24765/- (വികസന ഫണ്ട് ടി.എസ്.പി)

ചെലവ് തുക – 24765/- (UTR No- RB13562403198072/9.5.2024)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പട്ടിക വർഗ്ഗ കുടുംബങ്ങളിലെ വനിതകൾക്ക് സ്വയംതൊഴിലിലൂടെ സ്ഥിര വരുമാനം കണ്ടെത്തുന്നതിനായി ആവിഷ്കരിച്ച് നടപ്പാക്കിയ പ്രോജക്ട്. ആയത് പ്രകാരം സ്വയം തൊഴിൽ സംരംഭത്തിനായി വാങ്ങുന്ന സാധന സാമഗ്രികളുടെ 75% സബ്സിഡിയായി അനുവദിക്കാവുന്നതാണ്. ഊരുകൂട്ടം ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ശ്രീമതി ലളിത എം, ശ്രീമതി സുനിമോൾ എസ്, ശ്രീമതി രമ്യ എന്നിവർക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ, ചുരിദാർ പീസ്, നൈറ്റി മുതലായവ വാങ്ങിയതുമായി ബന്ധപ്പെട്ട രവീന്ദ്ര ടെക്സ്റ്റയിൽസ് കോമളപുരം എന്ന സ്ഥാപനത്തിൽ നിന്നും വസ്തുങ്ങൾ വാങ്ങിയതിനെ സാധൂകരിക്കുന്ന 11505 രൂപയുടെ ടാക്സ് ഇൻവോയ്സ് ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിലാണ് ഇവർക്ക് 8255 രൂപ വീതം സബ്സിഡി നൽകിയത്. രേഖകൾ പരിശോധിച്ചതിൽ, മൂന്ന് ഗുണഭോക്താക്കളും ഹാജരാക്കിയിട്ടുള്ളത് ഒരേ നമ്പരും തീയതിയും രേഖപ്പെടുത്തിയ ഇൻവോയ്സാണ്. ഓരോരുത്തരും ഹാജരാക്കിയ ഇൻവോയ്സിൽ അവരവരുടെ പേര് ചേർത്തിട്ടുണ്ടെങ്കിലും ഇൻവോയ്സ് നമ്പരും തീയതിയും (നം. RTR-11760/27.3.2024) ഒന്നുതന്നെയാണ്.

ഒരേ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ മൂന്ന് പേർക്കും സബ്സിഡി അനുവദിച്ചതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/26.6.25) സാധനങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ട് മൂന്ന് പേരുടേയും പേരിലുള്ള ടാക്സ് ഇൻവോയ്സ് ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി നൽകിയതെന്നും എന്നാൽ ഇൻവോയ്സിന്റെ നമ്പരും തീയതിയും ശ്രദ്ധയിൽപ്പെട്ടില്ലെന്നും പദ്ധതിയുടെ ഗുണഭോക്താക്കളായ ഇവർ നിലവിലും വസ്ത്രവ്യാപാരം നടത്തി ജീവിക്കുന്നവരാണെന്ന് ഉത്തമബോധ്യമുണ്ടെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചത്.

ഇൻവോയ്സ് നം. RTR-11760/27.3.2024 പ്രകാരം 11505/- രൂപയുടെ വസ്തുങ്ങൾ മാത്രമാണ് രവീന്ദ്ര ടെക്സ്റ്റയിൽസ് കോമളപുരം എന്ന സ്ഥാപനം ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളത്. ബില്ലിൽ കൃത്രിമം നടത്തി മൂന്ന് പേരുടെ പേരിൽ ഒരേ ഇൻവോയ്സ് നൽകുകയാണ് ഉണ്ടായിട്ടുള്ളത്. വർഷാവസാനം ടി.എസ്.പി. ഫണ്ട് പൂർണ്ണമായി ചെലവഴിക്കുവാനുള്ള തിരക്കിൽ ഗുണഭോക്താക്കൾ ഹാജരാക്കിയ ഇൻവോയ്സ് പരിശോധിച്ച് പോരായ്മ കണ്ടെത്തുവാൻ നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് കഴിഞ്ഞില്ല. ആയതിനാൽ ഇൻവോയ്സ് നം. RTR-11760/27.3.2024 പ്രകാരമുള്ള 11505/- രൂപയുടെ 75% സബ്സിഡിയായ 8255/- രൂപയുടെ ചെലവ് മാത്രമേ ഓഡിറ്റിൽ അംഗീകരിക്കുന്നുള്ളൂ. ശേഷിക്കുന്ന 16510/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. ടി തുക ചെലവിന് ഉത്തരവാദിയായ അസിസ്റ്റന്റ് സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 ജലാശയങ്ങളുടെ ശുചീകരണം- കൂടിയ നിരക്കിൽ ജി.എസ്.ടി അനുവദിച്ചതുമൂലം കരാറുകാരന് അധിക തുക നല്കാനിടയായി

ജലാശയങ്ങളുടെ ശുചീകരണം- കൂടിയ നിരക്കിൽ ജി.എസ്.ടി അനുവദിച്ചതുമൂലം കരാറുകാരന് അധിക തുക നല്കാനിടയായി. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ജലാശയങ്ങളുടെ ശുചീകരണം- |
| പ്രോജക്ട് നമ്പർ | S0227/25 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ, LID&EW |
| കരാറുകാരൻ | വിജയ് വി.നായർ |
| അളവ് പുസ്തകം | 104019/2023 |
| ചെലവ് വിവരം | 100000 രൂപ Vr.no.22401203/16.1.25. 239754 രൂപ Vr.no.xvfc/2024-25/p/339 Dated-15.3.25 |

ജലാശയങ്ങളുടെ ശുചീകരണം-പദ്ധതിയിൽ തോട് വൃത്തിയാക്കുന്നതിനായി കടകൽ, കുറ്റിച്ചെടികൾ എന്നിവ നീക്കം ചെയ്യുകയും വെള്ളത്തിനടിയിലെ ചെളി നീക്കം ചെയ്യുകയുമാണ് നിർവ്വഹിച്ചിരിക്കുന്നത്. പ്രവൃത്തിയ്ക്ക് കരാറുകാരന് തുക അനുവദിച്ചത് 18% GST ഉൾപ്പെടെ ആണ്. 2017 ലെ CGSTആക്ട് സെക്ഷൻ 2 ക്ളോസ് 119 പ്രകാരം കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ (ഡിപ്പാർട്ട്മെന്റ് ഓഫ് റവന്യൂ) 13.10.2017ലെ നോട്ടിഫിക്കേഷൻ നം.31/2017), കരാർ പ്രവൃത്തി മൂല്യത്തിന്റെ 75% ൽ അധികം എർത്ത് വർക്കാണെങ്കിൽ 5% GST മാത്രമാണ് ബാധകം. നിലവിലെ പുതുക്കിയ GST നിരക്കനുസരിച്ച് 12% ആണ് പ്രസ്തുത പ്രവൃത്തിയ്ക്ക് ബാധകം. ഉയർന്ന നിരക്കിൽ GST അനുവദിച്ചത് അധികച്ചെലവിനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ഫൈനൽ ബിൽ പ്രകാരമുള്ള തുക | 287926.60 |
| അനുവദിച്ച GST 18% | 51827 |
| അനുവദനീയമായ GST 12% | 34551 |
| അധികം നൽകിയത് | 17276 |

മേൽ പ്രവൃത്തിയിൽ 94% എർത്ത് വർക്കാണ് ചെയ്തിട്ടുള്ളത്. ഇപ്രകാരം ജി.എസ്.ടി ഇനത്തിൽ കരാറുകാരന് അധിക തുക നല്കിയതിന് വിശദീകരണവും, ടി തുക ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (9/26.6.25) ജി.എസ്.ടി ഇനത്തിൽ കരാറുകാരന് അധികം നല്കിയ തുക കരാറുകാരൻ ജി.എസ്.ടി വകുപ്പിൽ അടച്ചിട്ടുണ്ടെന്നാണ് മറുപടി നൽകിയത്. അർഹമായതിൽ, കൂടുതൽ തുക കരാറുകാരന് നല്കിയ നടപടി അംഗീകരിക്കുവാൻ സാധ്യമല്ല. ആയതിനാൽ ജി.എസ്.ടി ഇനത്തിൽ കരാറുകാരന് അധികം നല്കിയ 17276 രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് നിർവ്വഹണോദ്യോഗസ്ഥയുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

# ഭാഗം –4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച പരിശോധന

1) മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം.(2024-25) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 12 | 73,500 | 73,500 | ഇല്ല | ---- |

2)മെഡിസെപ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 നള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശിക ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 05/2024 | 5000/- | 5000/- | ഇല്ല | --- |

3) മെഡിസെപ് പ്രീമിയം ഒടുക്ക് (01.07.2024 -ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ഇല്ല | | | | | |

4)മെഡിസെപ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025 നള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2024-25 | 2,40,000 | അതിദാരിദ്ര്യ നിർമ്മാർജ്ജനം – വീട് നിർമ്മാണം | 2,40,000 | 0 |
| | | 29,00,000 | ലൈഫ് ഭവന പദ്ധതി | 29,00,000 | 0 |
| | | 1,500 | അങ്കണവാടികളിൽ ജൈവമാലിന്യ സംസ്കരണ സംവിധാനം ഒരുക്കൽ | 1,500 | 0 |
| | | 2,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 2,00,000 | 0 |
| | | 2,00,000 | അനുപൂരക പോഷകാഹാര പരിപാടി | 2,00,000 | 0 |
| | | 6,45,308 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 6,45,308 | 0 |
| | | 1,88,610 | പകൽ വീടിന്റെ അടിസ്ഥാന സൌകര്യം വികസനവും ഉപകരണങ്ങളും വാങ്ങൽ | 1,88,610 | 0 |
| | | 2,39,754 | ജലാശയങ്ങളുടെ ശുചീകരണം | 2,39,754 | 0 |
| | | 2,07,513 | പൊതുശുചിമുറിയും ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രങ്ങളും സ്ഥാപിക്കൽ | 2,07,513 | 0 |
| | | 2,22,300 | അഗതി രഹിത കേരളം പദ്ധതി | 2,22,300 | 0 |
| | | 2,70,000 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | 2,70,000 | 0 |
| ആകെ | | 53,14,985 | | 53,14,985 | |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 9,70,000 | ലൈഫ് ഭവന പദ്ധതി ജനറൽ | 9,70,000 | 0 |
| | | 1,00,000 | ഇ പി ഇ പി - അതിദാരിദ്ര്യ നിർമ്മാർജ്ജനം - ഭൂരഹിത ഭവന രഹിത പദ്ധതി | 1,00,000 | 0 |

| | | | | | |
|---|---|---|---|---|---|
| | | 6,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 6,00,000 | 0 |
| | | 1,47,860 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,47,860 | 0 |
| | | 4,31,248 | പൊതുസ്ഥലങ്ങളിൽ സി സി ടി വി ക്യാമറ സ്ഥാപിക്കൽ | 4,31,248 | 0 |
| | | 50,000 | വേമ്പനാട് കായൽ പുനരുജ്ജീവനം | 50,000 | 0 |
| | | 1,00,000 | പാലിന് ഇൻസെന്റീവ് | 1,00,000 | 0 |
| ആകെ | | 23,99,108 | | 23,99,108 | 0 |

ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ നിന്നും 207513/- രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ നിന്നും 481248/- രൂപയും ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേയ്ക്ക് മാറ്റിയിട്ടുള്ളതാണ്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ/ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | വൗച്ചർ നം. XVFC/2024-25/P/7 Dt 29.8.24 – 139911 വൗച്ചർ നം. XVFC/2024-25/P/15 Dt 29.8.24 – 360089 ബിൽ നം. RBI0852526268615 / 25.3.25 – 645308 | 1145308 | 0 | 1145308 |
| | ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | വൗച്ചർ നം. XVFC/2024-25/P/52 Dt 29.3.25 – 143285 ബിൽ നം RBI0852526268632 /26.3.25 – 81934 | 225219 | 0 | 225219 |
| കേരള വാട്ടർ അതോറിട്ടി | ആർ ഒ പ്ലാന്റ് മെയിന്റനൻസ് | വൗച്ചർ നം. XVFC/2024-25/P/14 Dt 5.12.2024 | 162000 | | 162000 |
| | ആർ ഒ പ്ലാന്റ് സ്ഥാപിക്കൽ | വൗച്ചർ നം. XVFC/2024-25/P/92 Dt 31.3.2025 | 585000 | 0 | 585000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 773054/- രൂപ വരവുണ്ട്. മുൻബാക്കി 2050000/- രൂപയടക്കം 2823054/-രൂപയിൽ 2520000/- രൂപ വിനിയോഗിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | തൻവർഷം ലഭിച്ച തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് - കെ.യു.ആർ. ഡി.എഫ്.സി | 773054 | 42193883 | 42966937 | 4090496 | ---- | 38876441 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1,59,776/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ, തീയതി |
|---|---|---|---|---|
| 2023-24 | 2-2 | 1000/- | ജയൻ സുശീലൻ | 1240101197 തീയതി 24/07/2024 |
| 2023-24 | 1-13(1) & 2-1 | 14000/- | ഉദയ് ബാക്ക് വാട്ടർ റിസോർട്ട് | 12401012021 തീയതി 24/07/2024 |
| 2023-24 | 2-2 | 100/- | പൊന്നൂസ് അമൃതം ഫുഡ് സപ്ലിമെന്റ് | 1240101202 തീയതി 24/07/2024 |
| 2023-24 | 1-2 | 2320/- | രേവതി മോഹനൻ | 1240101214 തീയതി 25/07/2024 |
| 2023-24 | 1-20 & 3-3 | 18653/- | ഷൌക്കത്ത് അലി | 1240101325 തീയതി 08/08/2024 |
| 2023-24 | 1-18 & 3-1 | 103151/- | വിജയ് വി നായർ | 1240101538 തീയതി 04/09/2024 |
| 2023-24 | 1-13 | 15552/- | ബിന്ദുമോൾ നന്ദകുമാർ | 1240101902 തീയതി 25/10/2024 |
| 2023-24 | 1-34 | 5000/- | കുട്ടകാരൻ ഗ്രീൻ | 1240101927 തീയതി 30/10/2024 |
| | ആകെ തുക | 1,59,776/- | | |

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്**

ഇല്ല

**4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം**

ഇല്ല

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ 8,59,32,397/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ 6,65,69,928/- |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ 56,307/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ 41340/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ 63,54,638 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1(1-13) | ₹ 6,002/- | | ശ്രീമതി.ബീന.എസ്, സെക്രട്ടറി |
| 2-2(1-14) | ₹ 6,445/- | | ശ്രീമതി.ബീന.എസ്, സെക്രട്ടറി |
| 2-3(1-15) | ₹ 43,860/- | | ശ്രീമതി.ബീന.എസ്, സെക്രട്ടറി |
| 3-1(1-27) | | ₹ 16,510/- | ശ്രീമതി.സീമ പി.ഐ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-2(1-24) | | ₹ 17,276/- | ശ്രീമതി. പ്രിയമ്മ ഫിലിപ്പ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | ₹56,307/- | ₹ 33,786/- | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 (1) | ₹4,31,248/- | ശ്രീ. ജി വി വിനോദ്കുമാർ, സെക്രട്ടറി –287499/-<br>ശ്രീമതി.ബീന.എസ്, സെക്രട്ടറി – 143749/- |
| 1-17 (2) | ₹12352/- | ശ്രീമതി.ബീന.എസ്, സെക്രട്ടറി |
| 1-18 | ₹1,18,555/- | ശ്രീമതി. പ്രിയമ്മ ഫിലിപ്പ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-28 | ₹499956 | ഡോ.അരുൺവിശ്വനാഥ്, മെഡിക്കൽ ഓഫീസർ,എഫ്.എച്ച്.സി |
| 1-29-1 | ₹5,85,000/- | ശ്രീ. ജി വി വിനോദ്കുമാർ, സെക്രട്ടറി |
| 1-29-2 | ₹1,62,000/- | ശ്രീമതി.ബീന.എസ്, സെക്രട്ടറി |
| 1-30-1 | ₹11,45,308/- | ശ്രീ. ജി വി വിനോദ്കുമാർ, സെക്രട്ടറി |
| 1-30-2 | ₹2,25,219/- | ശ്രീ. ജി വി വിനോദ്കുമാർ, സെക്രട്ടറി |
| 1-31 | ₹27,75,000/- | ശ്രീ. ജി വി വിനോദ്കുമാർ, സെക്രട്ടറി |
| 1-32 | ₹4,00,000/- | ശ്രീമതി ഏലിയാമ്മ കുര്യൻ, ഹെഡ്മിസ്ട്രസ് |
| ആകെ | **₹ 63,54,638** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേര്, ഉദ്യോഗപ്പേര് |
|---|---|---|
| 1-23 | 7554 | ശ്രീമതി ഹരിത.എച്ച്.<br>അക്രെഡിറ്റഡ് എഞ്ചിനീയർ, മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല**

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ബീന.എസ്, സെക്രട്ടറി | വിരമിച്ചു | ദയാനിലയം, വലിയപറമ്പ് പി ഒ, തൃക്കുന്നപ്പുഴ |
| ശ്രീമതി സീമ പി.ഐ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, ആര്യാട് ഗ്രാമപഞ്ചായത്ത്. | മയൂഖം, എസ്.എൽ.പുരം പി.ഒ, 688583 |
| ശ്രീ.ജി.വി.വിനോദ്കുമാർ,, സെക്രട്ടറി | സെക്രട്ടറി, ആര്യാട് ഗ്രാമപഞ്ചായത്ത്. | ഗോകുലം, കൊറ്റംകുളങ്ങര, അവലൂക്കുന്ന് പി ഒ- 688 006 |
| ഡോ. അരുൺ വിശ്വനാഥ്, മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി), ആര്യാട് ഗ്രാമപഞ്ചായത്ത് | ആലിശ്ശേരിൽ ഹൌസ് വട്ടയാൽ വാർഡ്, തിരുവമ്പാടി.പി.ഒ ആലപ്പുഴ - 688002 |
| ശ്രീമതി പ്രിയമ്മ ഫിലിപ്പ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ആര്യാട് ഗ്രാമപഞ്ചായത്ത് | പുന്നയ്ക്കൽ ഹൌസ്, കാട്ടൂർ.പി.ഒ ആലപ്പുഴ |
| ശ്രീമതി ഏലിയാമ്മ കുര്യൻ, ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്, വി.വി.എസ്.ഡി എൽ.പി. സ്കൂൾ, ആര്യാട് ഗ്രാമപഞ്ചായത്ത് | തൈപ്പറമ്പിൽ പി എച്ച് വാർഡ് ആലപ്പുഴ |
| ശ്രീമതി ഹരിത.എച്ച് അക്രെഡിറ്റഡ് എഞ്ചിനീയർ. | അക്രെഡിറ്റഡ് എഞ്ചിനീയർ, മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി,ആര്യാട് ഗ്രാമപഞ്ചായത്ത്. | പുതിയിടം ഹൌസ്, അവലൂക്കുന്ന്.പി.ഒ, സൌത്ത് ആര്യാട്, ആലപ്പുഴ |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ |
|---|---|

| | കത്തിന്റെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.എ8/1490/09/18.04.08/11.06.08 |
| 1997-98 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |
| 1999-00 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |
| 2000-01 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |
| 2001-02 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |
| 2002-03 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |
| 2003-04 | കെ.എസ്.എ—എ.എൽ.പി/പി8-1279/2022/04.04.2023 |
| 2004-05 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |
| 2005-06 | കെ.എസ്.എ—എ.എൽ.പി/പി8-1279/2022/04.04.2023 |
| 2006-07 | എൽ.എഫ്.എ16-46/2010/28.08.2010/4.10.2010 |
| 2007-08 | |
| 2008-09 | |
| 2009-10 | |
| 2010-11, 2011-12, 2012-13 | കെ.എസ്.എ—എ.എൽ.പി/പി8-1279/2022/04.04.2023 |
| 2014-15 | |
| 2015-16 | |
| 2016-17 | |
| 2017-18 | കെ.എസ്.എ-എ.എൽ.പി/പി9-1553/18/07.12.2018 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി8-790/2020/29.12.20 |
| 2019-20 | കെ.എസ്.എ-എ.എൽ.പി/പി8-359/22 / 27.03.22 |
| 2020-21 | കെ.എസ്.എ-എ.എൽ.പി/പി8-704/22 / 16.07.2022 |
| 2021-22 | കെ.എസ്.എ-എ.എൽ.പി/പി8-109/23 / 23.02.2023 |
| 2022-23 | കെ.എസ്.എ-എ.എൽ.പി/പി8-1218/2023/ 08.11.2023 |
| 2023-24 | കെ.എസ്.എ-എ.എൽ.പി/പി8-723 / 2024/ 05.09.2024 |

തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനു സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## Annexure-1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 6 dated 6 dated 12-05-2025 and submitted on 29-05-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Aryad Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Aryad Grama Panchayat as on 31-03-2025

**Date: 03/09/2025** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Aryad Grama Panchayat for the Year 2024-2025.

#### 1.Major Observations

NIL

#### 2.Other Observations

1) The mandatory financial statement such as ratios, notes on accounts are not submitted with

AFS.
2) The Demand, Collection and Balance of Property Tax as per Annual Accounts does not match with the entries in D.C.B Statement from Sanjaya Software
3) The demand entries of property tax, professional tax etc are not recorded in the ledger at the beginning of the year and every month thereafter. No monthly reconciliations are made between ledger balances and concerned registers.

4) The actual closing balance of life loan account (A/c no. 040885072093) as per bank book as on 31.3.2025 mismatches with AFS.
5) The closing balance of C.F.C grant as per schedule B-4 of A.F.S not tally with B-17 & RP-40(b).

6) The details of advance given to K.S.E.B & K.W.A for 2024-25 is not entered in Advance register.

Deputy Director

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ആര്യാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്